Reg No. T. 125 പത്രാധിപർ ആർ. കൃഷ്ണൻനായർ Licence No. 680 Dated 22-9-1949

# വികടകേസരി

## രാഷ്ട്റീയ വിനോദ മാസിക



കമ്മ്യൂണിസ്ററുകളെ അമർച്ചചെയ്യാനുള്ള ശ്രമം

ഒററപ്രതി 3 ണ.

WHEN YOU HAVE TO BUY OR SELL ANYTHING IN JEWELLERY,
PLEASE CONSULT

# T. S. S. MANI & CO.,

**Jewellers and Dealers in Precious Stones**

MAIN ROAD : : : TRIVANDRUM. Phone No. 611



*Our Speciality:*
Reliable and Fashionable Ornaments and Silverwares Made to suit everyone's
TASTE and PURSE

**A TRIAL WILL CONVINCE**

For your requirements of
**up-to-date &**
**FASHIONABLE FURNITURE,**
Timber Scantlings of all Varieties,
**Building Materials**
**Bamboos etc. etc.**

*Please ring up*
**PHONE NO. 201.**

*You will find us most competitive*

**Ramakrishna Timbers,**
**ALLEPPEY.**
Prop: V. S. RAMAKRISHNAN NAIR.

# വിഷുവിന്

കുളത്തുപ്പുഴ വരുമ്പോൾ
പാഴ്സൽ ഏജൻറ് പി. കേശവപിള്ള
യുടെ റ്റീഷാപ്പ് സന്ദർശിക്കുക!
രുചികരമായ ഊണിനും കാപ്പിക്കും
പറ്റിയ ഒരു സ്ഥാപനം.

**A. K. V. മെമ്മോറിയൽ**
**A. V. ഫാർമസി**
നാവായിക്കുളം A. O. & P. O.

ആയുർവേദ വിധിപ്രകാരം തയാർ ചെയ്ത അരിഷ്ടങ്ങൾ, ലേഹ്യങ്ങൾ, എണ്ണകൾ, ഗുളികകൾ മുതലായ എല്ലാവിധ ഔഷധങ്ങളും എപ്പോഴും തയാറുണ്ട്.

N. B. രോഗവിവരം വിശദമായി അറിയിച്ചാൽ മരുന്നു നിശ്ചയിച്ച് അയയ്ക്കുന്നതാണ്.

ചാവറക്കോട്ട്
കെ. പുരന്ദരൻ വൈദ്യൻ.

# VIKATAKESARI

പുസ്തകം 1 | ഏപ്രിൽ 1950 | ലക്കം 6


# കേസരീവീക്ഷണം

## —— കറവപ്പശു ——

★

യാതനക്കാരുടെ നേതാവിനു ജനകീയക്കാർ പൊതുസ്വത്തിൽ നിന്നും ദാനംചെയ്തതാണു് കറവപ്പശു. മററു പല യാതനക്കാൎക്കും ഇതുപോലെ ദാനങ്ങൾ നടത്തിയിട്ടുണ്ടു്. പൊതുമുതലിൽനിന്നും പുറമ്പോക്കു ഭൂമികൾ, വനങ്ങൾ, വനവിഭവങ്ങൾ, കായലുകൾ, കായൽവിഭവങ്ങൾ, ഇവയ്ക്കു പുറമേ, യാതനക്കാരുടെ ബന്ധുക്കൾക്കും അയൽപക്കക്കാൎക്കും ആശ്രിതന്മാൎക്കും പല പണ്ടങ്ങളും സംഭാവന ചെയ്തിട്ടുണ്ടു്; ചെയ്യുന്നുമുണ്ടു്. എന്നിട്ടും യാതനക്കാർ മുറുമുറുക്കുകയാണു്; സമരകാഹളം മുഴക്കുകയാണു്. തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിൽനിന്നും കേന്ദ്രസൎക്കാരിനു് വിട്ടുകൊടുത്തിട്ടുള്ള വരവിനങ്ങൾ കഴിച്ചാൽ വല്ലതും പാററിപ്പെറുക്കി എടുക്കാനുണ്ടെങ്കിൽ അതു മന്ത്രിമാൎക്കും ബോർഡുകാർക്കും, നിയമസഭാ സാമാജികന്മാർക്കും കഷ്ടിച്ചു് ചെലവുനടത്താൻ മാത്രമേയുള്ളു. അതുംകൂടി യാതനക്കാരുടെ വയറു നിറയ്ക്കാൻ അങ്ങു കൊടുക്കാത്തതിൽ അവർ അരിശംകൊള്ളുകയും ചുററികയും അരിവാളും കയ്യിലെടുക്കുമെന്നു് പേടിപ്പെടുത്തുകയും ചെയ്യുന്നു. ജനകീയക്കാരേ! നിങ്ങളുടെ ദയനീയമായ പരാജയമാണു് ഈ യാതനക്കോമരങ്ങളെ ചുമലിലെടുക്കാൻ തുനിഞ്ഞതു്. സാധാരണക്കാരുടെ പ്രയത്നഫലമാണു് നിങ്ങൾ ആരോടുമാലോചിക്കാതെ യാതനക്കാരുടെ പള്ള വീർപ്പിക്കാൻ കൊടുക്കുന്നതെന്നോൎമ്മയുണ്ടോ? ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ എണ്ണിയെണ്ണി കണക്കുപറയേണ്ടതായി വരുമെന്നു് ആലോചിക്കുന്നുണ്ടോ? യാതനക്കാരനു പശുവും കാളയും കലവും ചട്ടിയും വാങ്ങിക്കൊടുക്കാൻ സൎക്കാർ ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരിക്കുന്ന പൊതുമുതൽ നിർല്ലോഭം വാരിയെടുക്കുന്നതു് ബുദ്ധിപൂർവ്വമാണോ?

ഇങ്ങനെ ആയിരം ചോദ്യങ്ങൾ നേതാക്കന്മാരോടു ചോദിക്കാനുണ്ടു്. കറവപ്പശുവിന്റെ കറവ മാറിയപ്പോൾ, കറവപ്പശു കൊടുത്തവരുടെ മുൻപിൽ പട്ടിണികിടന്നു മരിക്കാൻ യാതനക്കാരുടെ പ്രസിഡൻറു തയ്യാറായി. വെററുമാടിനെ വിറകുവിലയ്ക്കു വിററുകിട്ടിയ പണം എത്രദിവസത്തെ ചെലവിനുവരും? ഒരു പശുവിനെക്കൂടി മേടിച്ചു കൊടുത്തിരുന്നെങ്കിൽ, പട്ടിണികിടക്കുന്നതു് കാരണമായിരുന്നോ-ഒരു കാമധേനുവിനെ കണ്ടുപിടിച്ചു് കൊള്ളവിലയ്ക്കുമേടിച്ചു് ദാനം ചെയ്യണോ! അല്ലെങ്കിൽ ഹർത്താലും നിരാഹാരസത്യാഗ്രഹവും ആവൎത്തിക്കപ്പെടും.

നമ്മുടെ സർക്കാർ യാതനക്കാരനു വേണ്ടി

എന്തും ചെയ്യും. സർക്കാരുദ്യോഗസ്ഥന്മാരുടെ സർവീസും യോഗ്യതയും കണക്കാക്കാതെ അവരുടെ തലയ്ക്കുമീതേ അക്ഷരജ്ഞാനമില്ലാത്ത യാതനക്കാരനെ നിയമിച്ചിരുന്നു. അവനുവേണ്ടി പബ്ലിക്ക സർവ്വീസ് ചട്ടങ്ങൾ അവഗണിച്ച് പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കും. അവനുവേണ്ടി എന്തും ചെയ്യും. കഷ്ടം. അധഃപ്പതിച്ച അനീതികൾ അനവധി, യാതനക്കാരനുവേണ്ടി, നടത്തി അഭിമാനംകൊള്ളും.

ജനകീയത്തിൽ യാതനക്കാരുടെ സാംഖ്യ കൂടിക്കൂടി വരികയാണ്. അടുത്ത ഭരണകൂടത്തിൽ യാതനക്കാരായി വളഞ്ഞുകൂടാൻ ഇപ്പോൾ പലരും അഭ്യാസം തുടങ്ങിയിരിക്കുകയാണ്. പച്ചർക്കുംവേണ്ടി കറവപ്പശുക്കളെ അന്വേഷിക്കേണ്ടതായി വരുന്നു. വെറുതെയല്ല കറവപ്പശുക്കൾക്ക് വിലകൂടിവരുന്നത്.

ഏതായാലും യാതനക്കാർക്കുവേണ്ടിയുള്ള ഭരണം സാധാരണക്കാർക്കുവേണ്ടിയുള്ളതല്ല.

# ഉൽപാദനം വർദ്ധിപ്പിക്കുക

ജനകീയം വന്നതിനുശേഷം സുപ്രധാനമായ ഒരു പദ്ധതിയായിട്ടാണ് ഉൽപാദനം വർദ്ധിപ്പിക്കലിനെ ഗവണ്മെൻറ കണക്കാക്കിയിട്ടുള്ളത്. നെഹ്റുവും പട്ടേലും ജനങ്ങളോടപേക്ഷിക്കുന്നതും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു തന്നെയാണ്. നമ്മുടെ നേതാക്കന്മാരും ആ അപേക്ഷതന്നെയാണു ആവർത്തിക്കുന്നത്.

തിരു: കൊച്ചിസംസ്ഥാനത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് എല്ലാ ഡിപ്പാർട്ടുമെൻറുകളും പ്രത്യേകം പ്രത്യേകമായും കൂട്ടുകൂട്ടായും സകലവിധ യത്നങ്ങളും നടത്തുന്നുണ്ട്. എങ്കിലും ഉല്പാദനത്തിനു ഒരു കമ്മീഷണരെ പ്രത്യേകം നിയമിച്ചിരുന്നു. ഒരു മന്ത്രിക്കു തൊഴിലില്ലാതായതോടുകൂടി പോസ്റ്റു നിറുത്തി ബോർഡുണ്ടാക്കിയിരിക്കുകയാണ്. ബോർഡിൻെറ അടിയിൽ ഡിവിഷൻകമ്മററികളും അവയ്ക്കു താഴെ താലൂക്കുകമ്മററികളും സജീവമായി പ്രവർത്തനം നടത്തുന്നുണ്ട്. കമ്മററിഅംഗങ്ങളായി മന്ത്രിപദം സ്വപ്നംകണ്ടുകൊണ്ട് കഴിച്ചുകൂട്ടുന്ന എം. എൽ. ഏ. മാരും അവരുടെ സേവകന്മാരുമുണ്ട്. അവർക്കു താങ്ങും തണലുമായി ജന്മിമുതലാളിമാരും അവരുടെ ആവശ്യങ്ങൾക്കായി ഏതാനും കുളങ്ങളും തോടുകളും ഓരോ താലൂക്കിലുമുണ്ട്. ആ കുളങ്ങൾകുഴിക്കാനും കലുങ്ങുവയ്ക്കാനും തോടു വിസ്താരംകൂട്ടാനും അണകൾകെട്ടാനും വരമ്പുറപ്പിക്കാനും പൊതുമരാമത്തു വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്തു വകുപ്പുകാർ അടങ്കൽ തയ്യാറാക്കി, അന്വേഷണം നടത്തി, കൺട്രാക്ററു കൊടുത്തിട്ടുണ്ട്. കൺട്രാക്ടർ വേഷധാരികളായ യുവാക്കന്മാർ, ചെറുപ്പക്കാരികളായ വേലക്കാരികളെ നിറുത്തിയിട്ടുണ്ട്. കൺട്രാക്ടർക്കും വേലക്കാർക്കും തമ്മിൽ ഐക്യവും ആത്മാർത്ഥതയുമുണ്ട്. മിനുങ്ങുന്ന കപോലങ്ങളും ചലിക്കുന്ന കടാക്ഷങ്ങളും പറക്കുന്ന കുറുനിരകളും ഉയർന്നുവരുന്ന മാറിടവും ഒതുങ്ങുന്ന ഉദരവും ഘനമാർന്ന ജഘനവും കൗതുകംകലർത്തുന്ന കൗമാരഭാവവും പൂനിലാവുപരത്തുന്ന പുഞ്ചിരിയും നിറഞ്ഞ പ്രതീക്ഷയും അവർക്കുണ്ട്. വയൽവരമ്പുകളിലും കുളക്കടവിലും മണ്ണുകോരുന്നിടത്തും ചല്ലി അളക്കുന്നിടത്തും കാടു വെട്ടുന്നിടത്തും കൺട്രാക്ടറുടെ മേൽനോട്ടമുണ്ട്. കൺട്രാക്ടർക്കു ഘനമുള്ള പണസഞ്ചിയുണ്ട്. അധികം അദ്ധ്വാനിക്കാതെ, വിയർപ്പൊഴുക്കാതെ, സ്ഥലകാലഭേദം നോക്കാതെ ഉൽപാദനം വർദ്ധിപ്പിക്കുന്നുണ്ട്. സ്ഥിതിസമത്വത്തിനു അസ്ഥിവാരമുറപ്പിക്കുന്നതോടൊപ്പം, ഉൽപാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തത വരുത്തുന്ന പദ്ധതികൾക്ക് സകല വിജയങ്ങളും നേർന്നുകൊള്ളട്ടെ.

തൂലികാചിത്രം

# ശ്രീ. പട്ടം താണുപിള്ള

‘കന്യാകുമാരിയുടെ നാട്ടിൽനിന്നും വരുന്ന ഒരു നേതാവിനെ കാശ്മീരക്കാരനായ ഞാൻ അനുമോദിക്കുന്നതു് ഉചിതമായി. അതു് അദ്ദേഹത്തിൻെറ പ്രശസ്തിയുടെ പ്രാപ്തിയാണു് കുറിക്കുന്നതു്.’ പണ്ടു് ഡൽഹിയിലെ മലയാളികൾ ശ്രീ പട്ടംതാണുപിള്ളയെ അനുമോദിച്ചു നടത്തിയ ഒരു സ്വീകരണത്തിൽ ആദ്ധ്യക്ഷ്യംവഹിച്ച പണ്ഡിത നെഹ്റു ഇപ്രകാരമാണു പ്രസ്താവിച്ചതു്. ശരിയാണു്. അങ്ങിനെ ഒരു കാലമുണ്ടായിരുന്നു. കാശ്മീരിലെ ഷേക്ക് അബ്ദുള്ള, തിരുവിതാംകൂറിനു് പട്ടം താണുപിള്ള. തിരുവിതാംകൂറിൻെറ പ്രശസ്തി പട്ടത്തിൻെറ ചിറകുകളിൽതന്നെയാണു് ഉയർന്നതു്.




രാഷ്ട്രീയ ചതുരംഗകളത്തിൽനിന്നും മന്ത്രിയായ സി. പി. വെട്ടേററു് തെറിച്ചപ്പോൾ ചരിത്രത്തിൻെറ ഏടുകളിലും പട്ടംതാണുപിള്ളയുടെ ഭാഗ്യരാശിയിലും മാററങ്ങൾ വന്നു. നേതൃത്വത്തിനു് സ്ഥാനാർത്ഥികൾ പെരുകി. കടിപിടികൾ തുടങ്ങി. അണിയറയിൽ ഉപജാലങ്ങൾ ആരംഭിച്ചു. ഇന്നാളുകഴിഞ്ഞ കാര്യങ്ങൾ എന്തിനു് വീണ്ടും വിളമ്പണം?

തിരുവിതാംകൂറിൻെറ കാൽ ശതാബ്ദക്കാലത്തെ രാഷ്ട്രീയചരിത്രം ഈ ഒരു വ്യക്തിയെ കേന്ദ്രീകരിച്ചു നില്ക്കുകയാണു്. ആളെ അടുത്തറിഞ്ഞിട്ടുണ്ടോ? ഇത്രയും പരസ്പരവിരുദ്ധമായ സ്വഭാവപ്രകൃതി മററാരിലും കാണുകയില്ല. സിംഹത്തെപ്പോലെ അദ്ദേഹം ചിലപ്പോൾ കുതിക്കും. പ്രായേണ മാൻകിടാവിനെപ്പോലെ ശാന്തനുമാണു്. ആരുടെ മുൻപിലും വളയാത്ത നട്ടെല്ലു്! അടുത്തു കൂടിയാൽ ആർക്കുവേണമെങ്കിലും ഏതു വഴിക്കു് വളയ്ക്കുകയും ചെയ്യാം. ഏററവും തീക്ഷ്ണമായ പ്രസംഗംചെയ്യുന്നതും ഏററവും ബാലിശമായ പ്രസ്താവന ചെയ്യുന്നതും അദ്ദേഹമായിരിക്കും. ഏതു് എതിരാളിയേയും എതിർക്കാൻ മടിയില്ല. ഏററവും അടുത്തു നിൽക്കുന്നവരെ എതിരാളിയാക്കി മാററാനും മടിയില്ല. മുള്ളായാലും മുറുകെ പിടിക്കുന്ന ശീലമാണു്. അദ്ദേഹം ശരിയെന്നു വിശ്വസിക്കുന്ന കാര്യം എന്തു വന്നാലും പിന്നെ ശരിതന്നെ. ആ അഭിപ്രായം മാററാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല. ഈ ദൃഢപ്രതത്വം വരുത്തിയിട്ടുള്ള കുഴപ്പം എത്ര ഭയങ്കരമാണു്. മന്ത്രി ആയതിനും മന്ത്രി അല്ലാതായതിനും കാരണമതാണു്. ഇന്നും അദ്ദേഹത്തിനു നേതൃത്വത്തിൻെറ മകുടം നൽകുന്നതും ആ സ്വഭാവദാർഢ്യംതന്നെയാണു്. ഇനിയും അദ്ദേഹത്തെ

അനേകം വിഡ്ഢിത്തങ്ങൾക്ക് പ്രേരിപ്പിക്കാൻ പോകുന്നതും ആ സ്വഭാവത്തിന്റെ പ്രത്യേകതകൾതന്നെയാണു്. പൊതുജനാഭിപ്രായത്തെ ആദരിക്കുന്ന ആളായിരുന്നെങ്കിൽ റസിഡൻസിയിൽ താമസമുറപ്പിക്കുമായിരുന്നോ? വെള്ള ലാംഗ്കോട്ടും കിന്നരി തലപ്പാവും അണിയുമായിരുന്നോ? സി. പി. യുടെ കിങ്കരന്മാരുടെ തോളിൽ കൈയിട്ടു നടക്കുമായിരുന്നോ? പക്ഷെ അദ്ദേഹം അങ്ങിനെയൊക്കെ ചെയ്തതു് അവ തെററാണെന്നു് കരുതിക്കൊണ്ടല്ല. ഒരു ഭ്രമംകൊണ്ടു ചെയ്തതുമല്ല. അങ്ങിനെ ചെയ്യുകയാണു് ഏററവും ശരി എന്നു് പൂർണ്ണമായി വിശ്വസിച്ചാണു്. ആ വിശ്വാസങ്ങൾക്ക് ഇനിയും ചാഞ്ചല്യം തട്ടിക്കാണുകയില്ല.

നല്ല തറവാടിത്തമുള്ള മുഖം—സൗമ്യതയുള്ള ആ മുഖത്തിൽ സ്ത്രീത്വമാണു് ഏറിനിൽക്കുന്നതു്. ഖാദിതൊപ്പി അണിയുമ്പോൾ മോട്ടിലാൽ നെഹ്റുവിന്റെ ഛായയുണ്ടു്. കസവുതലപ്പാവു് അണിയുമ്പോൾ പഴയകാലത്തെ ഒരു ദളവായുടെ ഛായയും. തൊലിയുടെ വെളുപ്പു് ഹൃദയത്തിനുമുണ്ടു്. പ്രലോഭനങ്ങളിൽ പതറാത്ത ഹൃദയം. അൽപം പതറുമായിരുന്നെങ്കിൽ സർ. സി. പി: അദ്ദേഹത്തെ 'അനേകം ജാഗീറുകളുടെ അധിനാഥനായി, എത്രയെങ്കിലും സ്വൈരിണികൾ ഉൾക്കൊള്ളുന്ന അരമനകളുടെ അധീശനായി' വാഴിക്കുമായിരുന്നു. തിരുവിതാംകൂറിനു് അഭിമാനിക്കാവുന്ന നേട്ടങ്ങൾക്കു അദ്ദേഹത്തിന്റെ നന്മകളാണു് ഉത്തരവാദി. തിരുവിതാംകൂറിന്റെ ഇപ്പോഴത്തെ കോട്ടങ്ങൾക്കും അദ്ദേഹത്തിന്റെ പോരായ്മകളാണു് കാരണമായതു്. ശുണ്ഠിയുള്ള ഗ്രാൻറുപള്ളിക്കൂടം വാദ്ധ്യാരുടെ ദൗർബല്യങ്ങൾ ചിലപ്പോൾ കാണിക്കും, തറവാട്ടമ്മമാരുടെ മുഖം വീർപ്പിക്കലും സൗന്ദര്യപ്പിണക്കങ്ങളും ചിലപ്പോൾ ഉണ്ടു്. ഇതൊക്കെയാണെങ്കിലും ആ കുശാഗ്രബുദ്ധിക്കു് ഉപമയില്ല. ആ വാചാലതയ്ക്കു എതിരില്ല. ആ സ്വഭാവശുദ്ധിക്കു് പതിരില്ല. ആ ആത്മാർത്ഥതയ്ക്കു അതിരുമില്ല.

അദ്ദേഹം ഇനിയും മന്ത്രിപദത്തിലേയ്ക്കു വരുമോ? വരാൻ വയ്യായ്കയില്ല. പക്ഷെ വന്നാലും അദ്ദേഹം അധികകാലം അവിടെ തുടരുകയില്ലെന്നുള്ളതു് തീർച്ചയാണു്. ഒന്നു പറയണമല്ലോ. എത്ര പോരായ്മകളും ദൗർബല്യങ്ങളുമുണ്ടെങ്കിലും ശരി—താണുപിള്ളസാറിനെ ജനങ്ങൾ വോട്ടുകൊടുക്കും. ജനങ്ങളുടെ നേതാവു് എന്നും അദ്ദേഹംതന്നെ.

---

നവീനരീതിയിലുള്ള ഇംഗ്ലീഷ് ഫേബ്രിക്കും, സിൽക്കുതരങ്ങളും കോയമ്പത്തൂർ, സേലം, ബാംഗ്ളൂർ, ബനാറീസ് സാരികളും, കസവു കവണിത്തരങ്ങളും, മററു ജവുളിത്തരങ്ങളും മിതമായ വിലയ്ക്കു ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുവിൻ—

ബി. പുഷ്പാംഗതപ്പണിക്കർ
പഴകററി, നെടുമങ്ങാട്ടു്.

സ്വർണ്ണം, വെള്ളി ഇവയിലുള്ള എല്ലാത്തരം ഉരുപ്പടികളും ആർഡർ അനുസരിച്ചു് മിതമായ വിലയ്ക്കു ചെയ്തുകൊടുക്കാൻ തയാർ. കൂടാതെ സ്വർണ്ണം, വെള്ളി ഇവകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണു്.

എം. ബാലൻ
പോത്തൻകോട്ടു്.

# പാർലമെൻററി പാർട്ടി യോഗം

## ഒരു ഹാസ്യാനുകരണം

(ക്ഷമാപണപൂർവ്വം)

— പി. വി. പാണ്ടനാടൻ —

*

11 മണിക്ക് ലീഡറുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. കമ്പളത്തിന്റെ നേതൃത്വത്തിൽ ഒരു സംരക്ഷകസേന രൂപവത്കരിച്ചിരുന്നു. എന്നാൽ കമ്പളം സോഷ്യലിസ്റ്റുപാർട്ടിയിൽ ചേരാൻപോകുന്നു എന്നു കേട്ടു അതു വേണ്ടെന്നുവച്ചു. പത്രപ്രതിനിധിഭൃതങ്ങളേയും സന്ദർശകപ്രേതങ്ങളേയും അടുപ്പിക്കാതെ D. S. P. മാന്ത്രികന്റെ P. C. പരികർമ്മികൾ പരിസരങ്ങൾ സൂക്ഷിച്ചു.

രാഷ്ട്രത്തിന്റെ പുരോഗതി, ചില അംഗങ്ങളുടെ ശിക്ഷണരഹിതമായ നടപടി എന്നിവയെപ്പററി പര്യാലോചിക്കുവാൻ ആണു് യോഗം കൂടിയതെന്നു് ലീഡർ വ്യക്തമാക്കി. എല്ലാ അംഗങ്ങളും ചർച്ചകളിൽ സജീവമായി പങ്കെടുത്തു. ചർച്ചകളുടെ സമഗ്രരൂപം മാത്രം അടിയിൽ കുറിക്കുന്നു.

മി: കെ. എം. കോര:—കൃഷിച്ചെലവും കൂലിയും വർദ്ധിച്ചിരിക്കുന്നതു മൂലം കർഷകൻ വളരെ ക്ലേശിക്കുന്നു. ഇന്നു വച്ചിരിക്കുന്ന നെല്ലുവില തീരെ കുറവാണു്. നെല്ലുവില ഉയർത്താതെ കർഷകൻ ഉയരുകയില്ല.

മി: അബ്ദുള്ള:—നെല്ലു കരിഞ്ചന്തയിൽവിററു കർഷകൻ മുതലെടുക്കുന്നില്ലേ?

മി: കോര:—ഇല്ല. യഥാർത്ഥകർഷകൻ അങ്ങനെ ചെയ്യുന്നില്ല. പെട്രോളും പഞ്ചസാരയും കരിഞ്ചന്തയിൽ വില്ക്കുന്ന ആളുകൾ അധികാരസ്ഥാനത്തിൽ വന്നാൽ ആരു തരാനാണു്.

മി; അബ്ദുള്ള.—അല്ല. മന്ത്രിസഭയിൽ കോര കേറിയപ്പോൾ തന്നെ എല്ലാം മുടിഞ്ഞു. (കൂട്ടച്ചിരി)

മി: പി. ററി:—അതുമുഴുവൻ ഇളക്കിയില്ലേ?

മി: കോര:—അല്ലല്ല. അതിളക്കിയെങ്കിലും തറശ്ശുദ്ധമാക്കി ഇടംവലമില്ലാത്ത അപൂണ്ണരെ അവിടെ പിടിച്ചുവച്ചതാണു് ഈ തകരാറും. (കൂട്ടച്ചിരി)

മി: ഇല :—മി: മന്നവും മി: ശങ്കരും ഏകോപിച്ചു് മന്ത്രിസഭയേയും പാർട്ടിയേയും അപലപിക്കുന്നു. ഇതു സഹിക്കുവാൻ നിവൃത്തിയില്ല. എന്നുതന്നെയല്ല അന്നന്നു നിലവിലിരിക്കുന്ന ഗവർമ്മെൻറിനെ ചീത്തപറഞ്ഞു് ജനപ്രീതി സമ്പാദിക്കയാണു് സ്ഥാനലബ്ധിക്കുള്ള മാർഗ്ഗമെന്നും, ജനകീയമെന്നും ലീഡർക്കും അറിവുള്ളതാണല്ലോ. ഇതുകൊണ്ടു് അടുത്ത തിരഞ്ഞെടുപ്പു വരുമ്പോൾ പോലും മററാർക്കും ആ സ്ഥാനം കിട്ടുകയില്ല. ലീഡർ ആ കാര്യത്തിൽ സത്വരശ്രദ്ധ പതിപ്പിക്കണം. (ലീഡറേയും മി. ററി. എം. വറുഗീസിനേയും ദയനീയമായി നോക്കിക്കൊണ്ടു് ഇരിക്കുന്നു.)

മി. തര്യതുകുഞ്ഞിത്തൊമ്മൻ—അതു യഥാർത്ഥമാണു്. ഈ മന്നവും കൂട്ടരും വളരെയധികം പുതുകൃസ്ത്യാനികളെ മതപരിവർത്തനം ചെയ്യിക്കുന്നു എന്നുള്ള കഥയും ഈ ഹൌസ്സിന്റെ ശ്രദ്ധയിൽപെടുത്തുന്നു. അതു കൃസ്തീയവിഭാഗത്തോടു ചെയ്യുന്ന ഒരു വലിയ ചതി

യാണു്. അച്ചന്മാരും മാമ്മച്ചനും സഹിക്കയില്ല.

മി. ശംകുണ്ണിപ്പിള്ള—ആരാണുഹേ! ഈ മാമ്മച്ചൻ?

മി. തര്യത്തു—എന്റെ കത്താവേ! ആ പൂജ്യപാദന്റെ പേരു് ഇങ്ങനെ പന്തുകളിക്കാനുള്ളതല്ല.

മി. പി. ററി. ചാക്കോ—പാർട്ടിനിയമത്തിനു വിപരീതമായി പ്രവത്തിക്കുന്നവരുടെ പേരിലുള്ള ആരോപണങ്ങളെപ്പററി അന്വേഷിക്കാൻ ഒരു കമ്മററി രൂപീകരിക്കണം.

മി. കളത്തിൽ വേലായുധൻനായർ—ഞാൻ അതിനോടു യോജിക്കുന്നു.

മി. ഇല—അയ്യോ! അതെന്തിനു്? മന്നത്തിന്റെയും ശങ്കരിന്റെയും പേരിൽ മാത്രം മതി.

മി. ശംകുണ്ണിപ്പിള്ള—പോരാ! ഹീനമായി പെരുമാറുന്ന എല്ലാവരേയും പിടിക്കണം.

മി. ഇല—അയ്യോ! ലീഡറെ! അതുവേണ്ടാ.

മി. ചാണ്ടി—ഇവിടെ ഉത്തരവാദിത്വമുള്ള ചില മെമ്പറന്മാർ "കള്ളനു കഞ്ഞിവച്ച മന്ത്രിമാർ" എന്നും മററും തങ്ങളുടെ പത്രങ്ങളിൽ എഴുതുന്നതു് നീതീകരിക്കത്തക്കതല്ല. അതിനാൽ എല്ലാവരെപ്പററിയും അന്വേഷിച്ചു റിപ്പോർട്ടു ചെയ്യണം.

മി. ഇല—അയ്യോ! അതരുതേ! അരുതേ അയ്യോ... (പുറകോട്ടു മലക്കുന്നു. ഒരു മെമ്പർ മി. ഇലങ്കത്തെ പിടിച്ചിരുത്തുന്നു.)

ശ്രീ. ആനിജോസഫ്—അദ്ധ്യാപകർ വളരെ ദുരിതം അനുഭവിക്കുന്നു. അവരുടെ കാര്യം ഗവണ്മെന്റു ശ്രദ്ധിക്കുന്നതേയില്ല. സെക്കൻററിസ്കൂൾ അദ്ധ്യാപകർ സൂചനാപണിമുടക്കു് നടത്തിയിട്ടും അതിനെപ്പററി ആരും.... (ബാക്കി ഓർമ്മിക്കുവാൻ ശ്രമിക്കുന്നു. ഓർമ്മിക്കായ്കയാൽ അടുത്തിരിക്കുന്ന മെമ്പറിനെ ചൊറിയുന്നു. ആ മെമ്പർ മി. മുണ്ടശ്ശേരിയല്ലെന്നു മനസ്സിലായി ഇളിഭ്യനാകുന്നു. ഒടുവിൽ ഒരു വിധത്തിൽ മുക്കിമൂളി.) അതുകൊണ്ടു്............ആ കാര്യം.......... ഗവണ്മെൻറിന്റെ ......... ശ്രദ്ധ..........ഉണ്ടാകണം. (ഇരിക്കുന്നു)

മി. കളത്തിൽ—വിദ്യാഭ്യാസം ദേശീയമാക്കാതെ ഇതിനൊരു പരിഹാരമുണ്ടാകയില്ല.

ലീഡർ—അതിനു ജനങ്ങൾ തയാറാകണം. അല്ലാതെ ദേശീയത സാധിക്കുന്നതെങ്ങനെ?

മി. കളത്തിൽ—"ഞാൻകൂടി തെണ്ടിയുണ്ടാക്കിയ പണംകൊണ്ടു സ്ഥാപിച്ച വിദ്യാലയങ്ങൾ ഗവണ്മെൻറിനു വിട്ടുകൊടുക്കുവാൻ തയാറാണെ"ന്നു മി. ശങ്കർ പറയുന്നു. മി. മന്നത്തു പത്മനാഭനും അതിനു മടിക്കുകയില്ല.

ലീഡർ—ആരാണു ഈ മന്നത്തു പത്മനാഭൻ?

മി. ശംകുണ്ണിപ്പിള്ള—ഇളക്കി പ്രദിഷ്ഠ ഒഴികെയുള്ള ദിവ്യകൃദാശകൾക്കെല്ലാം പാംകു കൊണ്ട ഒരു പട്ടക്കാരൻ.

മി. തര്യത്തു്—അയ്യോ! പട്ടക്കാരൻ എന്ന ആ ദിവ്യപദം ഇങ്ങനെ ഉപയോഗിക്കരുതു്. അച്ചന്മാരും മാമ്മച്ചനും കേട്ടാൽ.........

മി. ശംകുണ്ണിപ്പിള്ള—മുലപ്പാലിൽ ഉപ്പുനോക്കണ്ടാ. ഒരു കാലത്തു് ആ പശ്യമുണ്ടായിരുന്ന ആ മഹാനെ ഇന്നു അറിയുകപോലുമില്ലെന്നോ?

മി. തര്യത്തു്—ഞങ്ങളുടെ അച്ചന്മാർ പള്ളിക്കൂടങ്ങൾ വിട്ടുതരികയില്ല.

മി. ശംകുണ്ണി—എന്തുകൊണ്ടു്? സാധുക്കളിൽ നിന്നു് പിരിച്ച പണംകൊണ്ടല്ലേ അവയും സ്ഥാപിച്ചതു്.

മി. തര്യത്തു്—അല്ല നിങ്ങൾക്കു അതാണു് കദയറിയത്തില്ലെന്നു ഞാൻ ഘോഷിക്കുന്നതു്. ഞങ്ങൾ പസാരവും മററുപിരിവും കൊണ്ടു വസ്തു സമ്പാദിക്കുകയാണു പതിവു്. ഉപ്പിനു വച്ചിരിക്കുന്ന ചക്രം മുളകിനെടുക്കില്ല ഞങ്ങൾ. ഞങ്ങളുടെ പെണ്ണുങ്ങളുടെ പിടിയരിപ്പിരിവുകൊണ്ടാണു് ഞങ്ങൾ പള്ളിക്കൂടം സ്ഥാപിച്ചിരിക്കുന്നതു്. അതുകൊണ്ടു വിദ്യാലയദേശീയവൽക്കരണം സാദ്ധ്യമല്ല?

(ലഞ്ചിനു പിരിഞ്ഞു.)

# പലരും പലതും

(വിരുപൻ)

കൊലയും കൊള്ളിവെയ്പും സ്റ്റേഷൻ ആക്രമവുമാണു് കമ്മ്യൂണിസ്റ്റ് പരിപാടിയെങ്കിൽ നാട്ടുകാരുടെ സ്ഥിതി, ബ: മന്ത്രി ടി. കെ. പറഞ്ഞതുപോലെ മാംസവും രക്തവും മാത്രമാകും. (സ: ശങ്കരനാരായണൻ തമ്പിയുടെ അനുജനെപ്പോലെ) എല്ലു് പോകുമെന്നർത്ഥം. ഒന്നു ചോദിക്കട്ടെ, നിങ്ങൾക്കെന്തിനാ, സഖാക്കളെ! ഈ തോക്കും, കുന്തവും. തേങ്ങാ പൊതിക്കാനാണോ?

*   *   *

ധർമ്മപ്രകാശം ചോദിക്കുന്നതു കേട്ടോ? ദേശബന്ധു—ശങ്കുണ്ണിപ്പിള്ളയ്ക്കു് പിള്ളയെടുക്കാമോ എന്നു്. അത്രയ്ക്കു് ഡാക്ടർമാരില്ലേ? ആർ. കെ. കർത്താവിന്റെ കർത്താവോ?

*   *   *

ഈഴവഞ്ചൊല്ലടിസ്ഥാനമാക്കി മന്ത്രിണിയെ ആരും ഒന്നും ചെയ്തിട്ടില്ല. പിന്നെയോ വടക്കുനിന്നു വലുതു് അഞ്ചാറെണ്ണം വരുന്ന ഓളം കണ്ടു വലയിട്ടു. പക്ഷെ വടക്കുനിന്നു വന്നതോ ഇല്ല, നേരത്തെ തട്ടിയെടുത്തതും പോയി. അങ്ങനെയൊരു കൊച്ചടി പററിയതാണു്.

*   *   *

സി. കേശവന്റെ മുതുകുളം പ്രസംഗം.

ഞാൻ ഇവിടത്തുകാരനാണു്. ഞാൻ എങ്ങും പോകുവാൻ വന്നവനല്ല. പോകുന്നവനുമല്ല, പോയിട്ടുമില്ല. പക്ഷെ, കണ്ഠത്തിനു് നല്ല സുഖമില്ലാത്തതുകൊണ്ടും, നിങ്ങൾ പ്രസംഗിപ്പിക്കാത്തതുകൊണ്ടും തല്ക്കാലം.........അദ്ധ്യക്ഷത്ത്രാം വരാത്തകൊണ്ടും വെളക്കിയെണ്ണയില്ലാത്തകൊണ്ടും ഇന്നത്തെ സഭ—ശ്ശു...

*   *   *

പറവൂർ തൊഴിലാളി യൂണിയൻ പ്രസിഡൻറു് പ്രസ്താവിച്ചതു കണ്ടോ? അവിടെയെല്ലാം പോലീസ് രാത്രികാലങ്ങളിൽ വീടുകളിൽ കയറി അടിക്കുകയും മററും ചെയ്യുന്നെന്നു്. പിന്നെ പട്ടാപ്പകൽ നടത്താനാണോ സഖാവെ? നല്ല ശിക്ഷയായി. സഖാവിന്റെ നിയന്ത്രണത്തിലാണോ യൂണിയൻ? കോക്കാച്ചി പിടിക്കുമെ. മിണ്ടല്ലെ.

*   *   *

മേലാൽ ജൂബിലി ടൗൺഹാൾ ആർക്കും ഓസിനു കൊടുക്കുകയില്ല. ബേഷ്. അങ്ങിനെ വരട്ടെ!

അടിസ്ഥാനനികുതി സെൻറിനു് 4-കാശായിരുന്നതു് ഇനി 3 പൈ. കൊടുത്താ മതി. നികുതിയ്ക്കു് ഇപ്പോൾ ഒരു നിരപ്പുണ്ടു്. വളരെ നന്നായി വേണ്ടതില്ല.

*   *   *

പെരിനാട്ടു്, പ്രാക്കുളം സ്കൂളിനടുത്തു് വയസ്സന്റെ തല മുറിഞ്ഞുപോയതു് പോലീസുകാരുടെ ഒററുകാരനായിട്ടാണോ? എന്തു മനസ്സിലാക്കണം. പുലിക്കൂട്ടിൽ തലയിടരുതെന്നോ? അല്ല, കൊന്നതു് കമ്മ്യൂണിസ്ററുകാരല്ലെ? ങ്ഫാ ങ്ഫാ!

*   *   *

ബഡ്ജററു് സമ്മേളനത്തിൽ പനമ്പള്ളി കോട്ടാ കുറച്ചിട്ടൊന്നുമില്ല—വാഹനങ്ങളിൽ കൊണ്ടുവരാനുള്ള ശ്വാസംമുട്ടുകൊണ്ടു് റേഷൻ കുറച്ചതാണു്. അയ്യോ എന്റെ പുറമ്പൊള്ളി! ഞങ്ങൾ മരിച്ചാലും വേണ്ടില്ല. അങ്ങെത്താം കഷ്ടപ്പെടേണ്ട.

*   *   *

ടി. കെ.-യുടെ അക്രമരാഹിത്യം. ബേ-- ബ്ബേ-- ശർദ്ദിവരുന്നു. "അക്രമത്തെ അക്രമം കൊണ്ടു് നേരിടും." കണക്കായിപ്പോയി. മഹാത്മജിയുടെ തൊണ്ണൂററി പതിനൊന്നാമത്തെ

അനുയായി.

* * *

സോഷ്യലിസ്റ്റുകാരാൽ ശ്യപ്പെടുന്ന മൂന്നേക്കർ സ്ഥലംപോലും മി: ബാലകൃഷ്ണൻ തമ്പിക്കില്ലേ? ഒരു കാര്യംചെയ്യു്, ദേവികുളത്തു് ചെല്ലു്. ഭയപ്പെടേണ്ട, വയലാറുകാരാരും അവിടെ പോയിട്ടില്ല.

* * *

മെ: പത്മനാഭനും, ശങ്കരും ഇവിടെ രക്തപ്പുഴയൊഴുക്കുമെന്നു ദീർഘദർശനംചെയ്ത സി. കേശവനെ നിങ്ങൾക്കു് മനസ്സിലായതിപ്പോളാണോ? "തൊപ്പിയിട്ട കിട്ടൻ" എന്നു് ആലപ്പുഴ വച്ചു് തെരഞ്ഞെടുപ്പുകാലത്തു് വിളിച്ചതു് ചുമ്മാതല്ല.

* * *

കുമ്പളത്തിന്റെ കാലടി പ്രക്ഷോഭണം എന്നു പറഞ്ഞതേ, ഗുസ്തി മുറയാണോ ചേട്ടാ? അങ്ങേരു് സമുദായദ്രോഹിയാണെങ്കിൽ അസ്തി കിട്ടാഞ്ഞിട്ടു് ചാരം വാരാൻ പോയതോ? ശ! അങ്ങിനെയൊന്നും പറഞ്ഞുകൂടാ.

* * *

കാൺഗ്രസ്സു് എന്തു ചെയ്യുന്നോ? ഈ ചെയ്തതൊന്നും പോരയെന്നാണോ പട്ടത്തിന്റെ അഭിപ്രായം? വൃദ്ധരേയും, യുവാക്കളേയും കുഞ്ഞുങ്ങളേയും ഒരൊററ നോട്ടത്തിൽ കൊല്ലുന്ന പക്ഷിയാണു് പനമ്പുള്ളു്. അറിയാമോ?

* * *

എന്തായി, പോലീസ് കാൺസ്റ്റബിൾമാൎക്കു് ശമ്പളം 35 രൂപയാക്കിയിരിക്കുന്നു. കോളായിപ്പോയി. പാവപ്പെട്ട തൊഴിലാളികൾക്കു് പത്തു രൂപയുടെ ഇടി കൂടുതൽ കൊടുക്കുവാൻ തുടങ്ങിപ്പോയി. പരവൂരു മുതൽ ഓടിക്കോ പല വഴിക്കു്.

സ്പീക്കർക്കു് ശമ്പളവും മററും നന്നാ കുറഞ്ഞുപോയി. "പേരുകൊണ്ടറിയണം ചെലവിന്റെ ഭയങ്കരം."

ഡെ: സ്പീക്കർക്കു് തീരെപ്പോരാാ.

അല്ലാ, കുററിച്ചൂലുകൾക്കു് 120 രൂപ അലവൻസും 15 രൂപാ ദിനമ്പത്തയുമേ? എന്നിട്ടു ഇപ്പോഴും പട്ടത്തിനോടു് വിരോധമാണു്. എന്താ ചെയ്യുക. വീട്ടിൽ ഇരുന്നു കൊടുത്താ കിട്ടുമോ?

ഇരണിയിൽ, ഒരു പാതിരി രണ്ടു വാദ്ധ്യായിനികളുടെ ആരോഗ്യം പരിശോധിക്കുവാൻ കൂട്ടുനിന്ന ഹെഡ്മാസ്റ്റർ മര്യാദരാമൻതന്നെ. തക്കമില്ല. ഹെ. അങ്ങിനെയൊന്നുമുണ്ടായില്ല.

* * *

കമ്മ്യൂണിസ്റ്റുകാരല്ലാത്തവരേയും പോലീസു് മർദ്ദിക്കുന്നെന്നു പലരും പറയുന്നു. നിങ്ങളെന്തറിഞ്ഞു? അവർ കമ്മ്യൂണിസ്റ്റുകാരല്ലെങ്കിൽ അവരുടെതന്തമാർ കമ്മ്യൂണിസ്റ്റുകളായിരിക്കും. അറിയാമോ.

* * *

മയ്യനാട്ടുള്ള ഒരു മാന്യൻ കരയുകയാണു് സി. പി പോലും ഇവിടെ പോലീസിനെ വിട്ടു തല്ലിച്ചിട്ടില്ലയെന്നു്. പട്ടർ വരത്തനായിരുന്നു സാറെ! ഇപ്പോൾ ഭരിക്കുന്നവർ ഇവിടത്തു കാരുകൾപ്പെടെയാണു്. ഇതിനു് കുറെ ചാക്കുററം വേണം. മനസ്സിലായോ? ചാക്കുററം.

---


ആലപ്പി സിൽക്കു ഹൌസ്

കല്ലൻറോഡ്, ആലപ്പുഴ.

(മുല്ലക്കൽ ബ്രാഞ്ചു്)

ഒന്നാംതരം സിൽക്കു സാരികൾ, പട്ടു്, ചീട്ടി, ഷർട്ടിംഗ്, ഇവകൂടാതെ എല്ലാത്തരം ജൗളിത്തരങ്ങളും മിതമായ വിലയ്ക്കു വില്പനയ്ക്കുണ്ടു്.

പ്രൊപ്രൈറ്റർ

ഭീമാ ആൻഡു് ബ്രദർ.



വിളഞ്ഞ ഫലിതം നിറഞ്ഞ

കാർട്ടൂൺ

ഏതു പാർട്ടിക്കും

വരച്ചുകൊടുക്കാൻ തയാർ

എസ്. കെ. നായർ

C/o വികടകേസരി

ആററങ്ങൽ.

## കിടങ്ങാമ്പറമ്പു് ✽ ✽ പ്ലാററഫാറം

ആലപ്പുഴ കൊട്ടാരത്തിലെ അച്ചടക്കക്കമ്മററി കഴിഞ്ഞു മൂരി നിവക്കാൻ നമ്മുടെ അനിഷേധ്യ നേതാക്കന്മാർ നേരേ കടന്നതു് കിടങ്ങാമ്പറമ്പിലേക്കാണു്. പ്ലാററഫാറം കണ്ടാൽ പ്രസംഗിക്കാൻ ആർക്കും കൊതിവന്നുപോകും. വിശേഷിച്ചും പരിപൂർണ്ണമായി അച്ചടക്കം പാലിച്ചതിനുശേഷം കയ്യും കാലും തൊണ്ടയും ഒന്നിളക്കിയില്ലെങ്കിൽ വായുവില്ലാത്ത അവസ്ഥയിൽ എത്തിച്ചേർന്നുപോകും. നേതാക്കന്മാർ ഓരോരുത്തരായി കഥകളിയും പാട്ടും തുടങ്ങി. അങ്ങിനെ അച്ചടക്കം കഴിഞ്ഞു ആദ്യമായി അച്ചടക്ക നടപടിയ്ക്കു നേതാക്കന്മാരെ വിധേയരാക്കിയ മൈതാനമാണു് അനന്തര കാലത്തിൽ ചരിത്രപ്രസിദ്ധി നേടാനിരിക്കുന്ന കിടങ്ങാമ്പറമ്പു്.

പ്രധാന പ്രസിഡണ്ടു് സി. കേശവൻ സാധാരണക്കാരനു് മുന്നറിവു കൊടുക്കുന്നു, ഹിന്ദുമത സംഘടന ഇതര മതക്കാരുമായുള്ള ഒരു സംഘട്ടനത്തിൽ എത്തിച്ചേരുമെന്നും തന്നിമിത്തം രക്തപ്പുഴ ഒഴുകുമെന്നും അടുത്ത പ്രസിഡൻറു സി. നാരായണപിള്ള പറയുന്നു, കാൺഗ്രസ്സു് കമ്മ്യൂണിസ്ററു് സിദ്ധാന്തം പ്രചരിപ്പിക്കുമെന്നു് പ്രസിഡണ്ടന്മാരുടെ രണ്ടുപേരുടേയും ആശയം ഒന്നുതന്നെയാണു്. ഹിന്ദുമത സംഘടനയെ വിപ്ലവംകൊണ്ടു നേരിടാൻ കാൺഗ്രസ്സു പാർട്ടി സന്നദ്ധമാണെന്നാണു് അക്രമരാഹിത്യത്തിൽ, അഹിംസാ സിദ്ധാന്തത്തിൽ അണുലേശം ലോപംവരുത്താതെ ആദർശശുദ്ധികൊണ്ടും സ്നേഹംകൊണ്ടും ജനങ്ങളെ കൂട്ടിയിണക്കാമെന്നുള്ള ഗാന്ധിയൻ തത്വത്തെ അവഗണിച്ചു് വിപ്ലവം വിളയിപ്പിച്ചു്, മതവൈരം ഇളക്കിവിട്ടു്, നാട്ടിൽ അസ്വസ്ഥത ഉണ്ടാക്കി നശിപ്പിക്കുന്നതിനുപകരിക്കുന്ന ഇത്തരം പ്രസംഗങ്ങളെ സമാധാന പ്രിയന്മാരായ സാധാരണക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണു്. കണ്ണാടി ഇട്ടു് സൂക്ഷിക്കേണ്ടതായ പ്രാധാന്യം ഇത്തരം പ്രസംഗങ്ങൾക്കു് കൊടുക്കേണ്ടതാണു്. കാൺഗ്രസ്സിൻെറ പേരിൽ കാട്ടിക്കൂട്ടുന്ന ഈ എലക്ഷൻ സ്റ്റണ്ടുകളുടെ പൊള്ളത്തരം, കണ്ണുള്ളവർ കാണുന്നുണ്ടു്. അച്ചടക്കനടപടി എടുക്കേണ്ടതു് ആരുടെ പേരിലാണെന്നു് പൊതുജനങ്ങൾ തീരുമാനിക്കട്ടെ.

മന്ദാംശങ്കരന്മാരുടെ പേരിൽ അച്ചടക്ക നടപടി നടത്തുന്നതിനു് ഒരു മൂന്നംഗ കമ്മററിയെ ഏർപ്പെടുത്തിയതിനുശേഷം, "എന്തുതന്നെ സംഭവിച്ചാലും അവരെ പാർട്ടിയിൽനിന്നും തുരത്തുമെന്നു" കൊട്ടി ഘോഷിക്കുന്ന വിഡ്ഢിത്തരം പ്രായപൂർത്തിവന്ന ഏതൊരാളിനെയാണു് വികാരംകൊള്ളിക്കാത്തതു്. പറഞ്ഞതു് ശരിയോ തെററോ എന്നു്, പറഞ്ഞുതീർന്നാലും അറിഞ്ഞുകൂടാത്ത പാമരത്വം, പറയുന്നതെല്ലാം കേൾക്കുന്നവർ അനുസരിക്കണമെന്നുള്ള പൊണ്ണത്തരം, നിന്നനിലയ്ക്കു മാറുന്ന കള്ള


# പ്രീമിയർ ഹോട്ടൽ & റെസ്റ്റാറൻറു്

ശ്രീനാരായണകാളേജിനു സമീപം,

**കൊല്ലം.**

ശുചിയായും, രുചിയായും തയ്യാറാക്കപ്പെടുന്ന ആഹാരപാനീയപദാർത്ഥങ്ങൾ കിട്ടുന്ന ഏക വിശ്രമസ്ഥലം.

N. B. താമസത്തിനു സൗകര്യമുള്ള മുറികളും വാടകയ്ക്കു കൊടുക്കുന്നതാണു്.

പ്രൊ: കെ. ബാലകൃഷ്ണപിള്ള.

ത്തരം, ഇതെല്ലാം നേതാക്കന്മാരായി കാപ്പു കെട്ടി തല ഉയർത്തി നടക്കുന്നവർക്കു് പററിയതാണോ എന്നു് അവർതന്നെ നെഞ്ചിൽ കൈവച്ചുകൊണ്ടു് ആലോചിക്കട്ടെ.

പ്രായം കൂടുന്തോറും മനുഷ്യന്റെ മണ്ട മരവിച്ചുപോകുമെന്നു പറയാറുണ്ടു്. ഒരുകാലത്തു പ്രസിഡൻറന്മാർ രണ്ടും ഒരുവിധം പററിയവരായിരുന്നു. ഒരുത്തനു് പാടാൻ വശമുണ്ടെങ്കിൽ മററൊരുത്തൻ പറയാൻ കെല്പുണ്ടായിരുന്നു. രണ്ടും ആളുകൾക്കു് ഇഷ്ടമുണ്ടായിരുന്നു. അക്കാലംപോയി. പരിവർത്തനം കൊതിച്ചു ഇരമ്പിപ്പായുന്ന ലോകത്തിൽ പഴയ ഓർമ്മ വച്ചുകൊണ്ടു് പഴയ പാട്ടും പുരാണം പറച്ചിലുംകൊണ്ടു് പ്രമാണിപ്പട്ടം കിട്ടുമെന്നുള്ളതു് വെറും വ്യാമോഹമാണു്. നേതാക്കന്മാരേ! ദയവുചെയ്തു മതിയാക്കിൻ, അടപ്പിടിൻ അടങ്ങി ഒതുങ്ങി അടുക്കളയിൽ ചെന്നിരുന്നു തീ കാച്ചുവിൻ! കിടങ്ങാമ്പറമ്പുകൾ കുറച്ചു കാലംകൂടി കിടന്നുറങ്ങിക്കൊള്ളട്ടെ.

ഹിന്ദുമതത്തെ ഉദ്ധരിക്കുന്നതിനു് കൺവെൻഷൻ കൂടിയേതീരു എന്നു തീർച്ചപ്പെടുത്തുന്ന അച്ചടക്കമില്ലാത്ത നേതാക്കന്മാരും ഒന്നു ബുദ്ധിപൂർവ്വം ആലോചിക്കേണ്ടതാണു്. പട്ടിണി നടമാടുന്ന നാട്ടിൽ പാട്ടിനും പന്തലിനും പ്രസംഗത്തിനുമായി രണ്ടു ലക്ഷം രൂപാ ചിലവാക്കുന്നതു് നീതിയാണോ എന്നു്. ഉണ്ണാനും ഉടുക്കാനുമില്ലാതെ എത്ര ഹിന്ദുക്കൾ ഞെരുങ്ങി കഴിയുന്നുവെന്നു അല്പമെങ്കിലും ആലോചിക്കുന്നുണ്ടോ? അത്യുന്നിലയിൽ പന്തലുയർത്തി ആലക്തികദീപം കൊളുത്തി ആർഭാടങ്ങൾ നടത്തുമ്പോൾ അയൽക്കരകളിൽ ചെററപ്പുരകളിൽ അനാഥരായ അനവധി എണ്ണം മുഴപ്പട്ടിണികൊണ്ടു് മരിക്കുന്നതു് കാണുന്നുണ്ടോ. ആഡംബരകാംക്ഷികളായ ഉദ്ധാരകന്മാരേ, നിങ്ങളുടെ പ്രവൃത്തിയും ഒരുതരം എലക്ഷൻ സ്റ്റണ്ടല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാൺഗ്രസ്സുകാർക്കു് കിട്ടിക്കൊണ്ടിരുന്ന സ്വീകരണവും പൂമാലയും കാപ്പിയും, ഇന്നു നിങ്ങൾ അവരിൽനിന്നും തട്ടിപ്പറിച്ചുകൊണ്ടിരിക്കുകയാണു്. കാൺഗ്രസ്സിനെ ജനങ്ങൾ അവരുടെ ജീവനും സ്വത്തും സർവ്വവുമാണെന്നു് വിശ്വസിച്ചിരുന്നതിനെ, ഹിന്ദുമതത്തിന്റെ പേരിൽ നിങ്ങളുടെ പേക്കു് പൊളിച്ചെഴുതിപ്പിക്കുകയാണു്. കാൺഗ്രസ്സിനെപ്പോലെ നിങ്ങളും സാധാരണക്കാരന്റെ അപ്രീതിയ്ക്കു പാത്രമാകുകയില്ലെന്നു എങ്ങിനെ വിശ്വസിക്കാം? മനുഷ്യനെ നന്നാക്കാൻ ശ്രമിക്കണം. ആർഭാടങ്ങളെ അകററണം. അതിനു് നിങ്ങൾക്കു് കഴിവില്ലെങ്കിൽ കിടങ്ങാമ്പറമ്പിന്റെ വിസ്തൃത വക്ഷസ്സിൽ നിരാശയും വികാരവും നിറഞ്ഞ ശബ്ദങ്ങൾ ഇനിയും നിങ്ങളുടെ നേരേ പൊട്ടിപ്പുറപ്പെടും. അതു് ഓർമ്മവേണം.


രണ്ടു സിദ്ധൌഷധങ്ങൾ

കുഷ്ഠത്തിനും, സിഫിലിസ്സിനും

കുഷ്ഠം ഏതവസ്ഥയെ പ്രാപിച്ചതായിരുന്നാലും പരിമിതകാലത്തെ ചികിൽസകൊണ്ടു് നിശ്ചയമായും ഭേദപ്പെടുത്താൻ കഴിയും.

സിഫിലിസ് (ലിംഗവ്രണം)

എത്ര വർദ്ധിച്ചതായാലും ഏഴു ദിവസത്തെ ചികിൽസകൊണ്ടു് പരിപൂർണ്ണസുഖം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

N. B. രോഗികൾ വൈദ്യനെ നേരിട്ടു കാണേണ്ടതാണ്.

എൻ. വേലായുധൻ വൈദ്യൻ,

ആരോഗ്യദായിനി വൈദ്യശാല

H. O, അവനവഞ്ചേരി, P. O, ആററിങ്ങൽ.



സർക്കാർ വൈദ്യശാല,

ഓച്ചിറ.

ബാലാമൃതം കുഞ്ഞുങ്ങൾക്കുണ്ടാകുന്ന കരപ്പൻ, കണ, ചുമ, വലിവ്, വായുമുട്ടൽ, നെഞ്ചു് കൂടുകെട്ടുക, മലബന്ധം, ശൂലജ്വരം മുതലായ പലതരം രോഗങ്ങൾക്കു പററിയ സിദ്ധൌഷധം.

മാത്ര- 7 മുതൽ 15 തുള്ളിവരെ

വില അണ 8.

എസ്. കേശവൻ വൈദ്യൻ

വൈദ്യകലാനിധി.

# ഇംഗ്ലീഷ് പഠിക്കാത്ത
# ഉൽക്കഷേച്ഛുക്കളേ ഉണരുവിൻ

നിങ്ങളുടെ ആദായവും അന്തസ്സും ഇത്ര കുറയാൻ കാരണമെന്തു്? നിങ്ങളെക്കാൾ സമർത്ഥന്മാരല്ലാത്ത അസംഖ്യം പേർക്കു് എത്രയോ ഉപരിസ്ഥിതിയും ഗതിയും സിദ്ധിച്ചിട്ടുള്ളതു് എന്തുകൊണ്ടു്? എത്രയെത്ര അവസരങ്ങളിലാണു് നിസ്സാരന്മാർ നിങ്ങളെ തരംതാഴ്ത്തിയിട്ടുള്ളതു്. ഈ സകല അവശതകൾക്കും കാരണം ഇംഗ്ലീഷ് വശമില്ലായ്മയല്ലേ! ഇതിനു പരിഹാരം വേണമെന്നുണ്ടോ? ഉണ്ടെങ്കിൽ അൽപം പ്രയത്നിക്കുക. സ്വന്തം വീട്ടിൽ താമസിക്കാം; ജോലികൾ മുടക്കേണ്ട; സ്ത്രീക്കും പുരുഷനും ഒരുപോലെ സൗകര്യം. ഏ. ബി. സി. മുതൽ തുടങ്ങാം. ഉൽക്കർഷേച്ഛുക്കൾക്കു് മൂന്നു വർഷത്തിനകം മദ്രാസ് മെട്രിക്കുലേഷൻ പരീക്ഷ ജയിക്കാം. പിന്നീടു് ബി. ഏ. മുതലായ പരീക്ഷകളും. കൂടുതൽ വിവരത്തിനു രണ്ടണ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക—

## കേംബ്രിഡ്ജ് കാളെജ്

**(V. K.) കൈതമുക്കു് * തിരുവനന്തപുരം.**

### ഒരനുഭവസ്ഥൻെറ പ്രസ്താവന ചുവടെ ചേർക്കുന്നു

റാഞ്ചി,
14-1-49.

നിങ്ങളുടെ കഴിഞ്ഞ കാലത്തെ പരിശ്രമത്തിൻെറ ഫലമായി എനിക്കു് Army Education Eng: 1st Class പാസ്സാകാനും എൻെറ ഇംഗ്ലീഷ് പരിജ്ഞാനം ഇല്ലായ്മയിൽനിന്നും ഇത്രത്തോളം അഭിവൃദ്ധിപ്പെടുന്നതിനും സാധിച്ചിട്ടുണ്ടെന്നുള്ള വസ്തുത രേഖപ്പെടുത്തിക്കൊള്ളട്ടെ.

എന്നു്,

സ്നേഹപുരസ്സരം

**കെ. വി. സാമുവേൽ**

റാഞ്ചി, ബീഹാർ.

## ഏ. നാരായണപിള്ളയും സി. നാരായണപിള്ളയും

സർ സി. പി. യുടെ ബദ്ധശത്രുവായി പണ്ട് ഏ. നാരായണപിള്ള എന്നൊരാളുണ്ടായിരുന്നു. ഏ. നാരായണപിള്ളക്കു വേണ്ടി അന്നു കാൺഗ്രസ്സുപ്രക്ഷോഭണം തുടങ്ങി. ഏ. നാരായണപിള്ള പതുക്കെ സർ. സി. പി. യുടെ പാക്കററിലായി. പ്രക്ഷോഭണക്കാർ പ്രത്യേകമായി. ഏ. നാരായണപിള്ള സക്കാർവക്കീലായി. സർ സി. പി. യെ വിമശിച്ച ബാലകൃഷ്ണൻതമ്പിക്കു ഹസ്തദാനം ചെയ്ത കാരണത്താൽ സക്കാർവക്കീലുദ്യോഗം രാജിവയ്ക്കേണ്ടിവന്നു. ഏ. നാരായണപിള്ളയുടെ പേരു അങ്ങിനെ ആളുകൾ മറന്നു.

മന്നത്തു പത്മനാഭപിള്ളയുടെ ശത്രുവായി സി. നാരായണപിള്ള എന്നൊരാളുണ്ടായി. ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ ജീവചരിത്രവുമായി സി. നാരായണപിള്ളക്കു ബന്ധമുണ്ടായി. മന്ദത്തിൻെറ എതിരുകക്ഷികളുമായി സി. നാരായണപിള്ള കൂട്ടുകൂടി, സ്വതന്ത്രകാഹളം മുഴക്കി. പട്ടത്തിൻെറ കാൺഗ്രസ്സുനാടകം അവസാനിച്ചതോടുകൂടി സ്വതന്ത്രകാഹളം പൊട്ടി. വേറെ തൊഴിലില്ലാത്തതുകൊണ്ട് വർക്കിംഗ് പ്രസിഡൻറാക്കി. വായിൽതോന്നിയതു പറയുന്നതുകൊണ്ട് വയ്യാവേലികൾ നേരിട്ടു. മന്ദത്തിനെ ദേവസ്വക്കാരനാക്കിയപ്പോൾ സി. നാരായണപിള്ളയുടെ വൈരം വർദ്ധിച്ചു. ക്രൈസ്തവകൂട്ടുകെട്ടിൽ, മന്ദത്തിൻെറ പേരിൽ അച്ചടക്കം നടത്താൻ ശ്രമിച്ചു. ഹിന്ദുക്കളെ എതിക്കുന്നതിൽ തനി ദേശീയത്വം അവലംബിച്ചു. ആലപ്പുഴ സമ്മേളനത്തിൽ അച്ചടക്കസമ്മേളനത്തിൽ, ക്രിസ്ത്യാനികളെ അല്പം ആക്ഷേപിച്ചു. ദേശീയത്തിലുള്ള സ്ഥാനത്തിനു് അൽപമൊരു ഉടവു തട്ടി. അടുത്തപടി എന്താണെന്നു് കാണാനിരിക്കുന്നു. ക്രിസ്ത്യാനിയുമില്ല, ഹിന്ദുവുമില്ല താങ്ങാൻ. കാൺഗ്രസ്സുമില്ല, ദേശീയവുമില്ല നിറുത്താൻ. സി. നാരായണപിള്ളയുടെ പേരും അങ്ങനെ അപ്രത്യക്ഷമാകും.

## ശുദ്ധികമ്മം

കാൺഗ്രസ്സിനെ ശുദ്ധിയാക്കണമെന്നു് കാൺഗ്രസ്സ വൻതോക്കുകൾ മുറവിളികൂട്ടുന്നു. മഹാത്മജി വിഭാവനചെയ്ത കാൺഗ്രസ്സിനെ അതിൻെറ തത്വത്തിൽനിന്നും പാടെ ഇളക്കിമറിച്ചിരിട്ടിക്കുകയാണു്. ശുദ്ധികമ്മം നടത്തിയാലും കലശം കഴിച്ചാലും അതിന്റെ മഹത്തായ മൂലതത്വത്തിൽ ഇനി പ്രതിഷ്ഠിക്കാൻ അസാദ്ധ്യമാണു്. കാൺഗ്രസ്സ് സംഘടനകൊണ്ടു മുതലെടുക്കാനും സ്വേച്ഛാധികാരം നടത്താനും ഖദർവേഷക്കാർ തയ്യാറെടുത്തു എന്നല്ലാതെ അതിൻെറ ആദർശപരിശുദ്ധിയെ അനുസരിക്കണമെന്നു് ആദ്യംമുതൽ തന്നെ ആക്കും അഭിപ്രായമുണ്ടായിരുന്നില്ല. അധികാരം കിട്ടണമെന്നല്ലാതെ അനശ്വരമായ ക്ഷേമം നാട്ടിൽ വരുത്തണമെന്നു് ആക്കും ആഗ്രഹമില്ല. ഐക്യസംസ്ഥാനത്തു മാത്രമല്ല, ഭാരതം മുഴവനും കാൺഗ്രസ്സിൻെറ പേരിൽ കാട്ടിക്കൂട്ടുന്ന കോമാളിത്തരങ്ങൾ അധികാരലബ്ധിക്കും അതുവച്ചുകൊണ്ടുള്ള നിക്ഷിപ്തതാല്പര്യസംരക്ഷണത്തിനുംവേണ്ടി മാത്രമാണു്. കാൺഗ്രസ്സ് ദുഷിച്ചുപോയി എന്നു പറയുന്ന തല്പരകക്ഷികളാണു് യഥാത്ഥത്തിൽ ദുഷിച്ചുപോയതു്. കാൺഗ്രസ്സ്വിട്ടു പുറത്തുപോകുന്നവർ അവരുടെ അഭിലാഷസിദ്ധിക്കുവേണ്ടി മാത്രമാണു് ഇതര രാഷ്ട്രീയസംഘടനകളെ ശരണംപ്രാപിക്കുന്നതു്. എല്ലാപേക്കും ഭരിക്കണം, പാവപ്പെട്ടവനെ ഭരിക്കണം. അ


**വസന്താസാമിൽ**

ചിറയിൻകീഴ് താലൂക്കിലെ മികച്ച
ഏക സ്ഥാപനം
നാലുമുക്കിനു സമീപം ആററിങ്ങൽ
ഭക്ഷ്യധാന്യങ്ങൾ കൃത്യനിഷ്ഠയോടുകൂടി മിതമായ റേററിൽ ഇവിടെ പൊടിച്ചു കൊടുക്കപ്പെടും.

മാനേജർ.

തിനുവേണ്ടിയുള്ള സമരമാണു് വേതൃമ്മന്യന്മാർ തമ്മിൽ നടത്തുന്നതു്. വാചകമടിക്കാനും വഞ്ചനചെയ്യാനും വശമുള്ളവർ വലതുപക്ഷത്തുനിന്നുകൊണ്ടു് നാട്ടു നശിപ്പിക്കൽ പ്രസ്ഥാനത്തിൽ കൈകടത്തിയിരിക്കുകയാണു്.

സംസ്കാരവും സത്യബോധവും നിറഞ്ഞവർ സംഘടിക്കണം. കാൺഗ്രസ്സെന്നും സോഷ്യലിസ്ററു പാർട്ടിയെന്നും പേരുപറഞ്ഞുകൊണ്ടു നടത്തുന്ന കഥകളിയോഗങ്ങൾ വെറും കാലക്ഷേപമാർഗ്ഗങ്ങളായി കണക്കാക്കണം. നാട്ടിന്റെ നന്മയ്ക്കുവേണ്ടി പുതിയ ഒരു സംഘടനയുണ്ടാക്കണം. മതത്തിന്റെ പേരിലും ജാതിയുടെ പേരിലും സംഘടിക്കാൻ വെമ്പൽകൊള്ളുന്നവരേയും, കാൺഗ്രസ്സ് സോഷ്യലിസ്ററുകമ്മ്യൂണിസ്ററുകളേയും പുറം തള്ളണം. യാതനക്കോമരങ്ങളെ പഞ്ഞിപോലെ പറത്തണം. പുഴുക്കുത്തുനിറഞ്ഞവരെ പറഞ്ഞയക്കണം. പട്ടിണിക്കൂടാതെ കഴിക്കാൻ നാട്ടിൽ കഴിവുണ്ടാക്കണം. അതിനുവേണ്ടി ആളുകൾ ഒത്തൊരുമിക്കണം. അതാണു വേണ്ടതു്, ഉടനടി വേണ്ടതു്.

ഭൂരിപക്ഷത്തിന്റെ മൃഗീയതയ്ക്കു വശപ്പെടാത്ത ഒററയന്മാരെ ഒന്നൊന്നായി പുറംതള്ളാൻ കണ്ടുവച്ചിട്ടുള്ള ഒരായുധമാണു് അച്ചടക്കനടപടി. കാൺഗ്രസ്സ് വിറകുകെട്ടിൽ നിന്നും ആ ആയുധമുപയോഗിച്ചു് വിറകുകൊള്ളികളെ ഓരോന്നോരോന്നായി ഊരിയെടുത്തു് പുകഞ്ഞ കൊള്ളിപോലെ പുറത്തെറിയുന്നു. ധീരമായ ഒരു നടപടിയാണതെങ്കിലും ആദർശശുദ്ധി തീണ്ടിയിട്ടില്ലാത്ത ഒരു പ്രവൃത്തിയാണതു്. അച്ചടക്കം പാലിക്കാൻ ആരുമുണ്ടായിരിക്കുകയില്ല. നടപടി നടത്തുന്നവരും നടപടിക്കു വിധേയരാണു്. അംഗഭംഗമുള്ളവരെല്ലാം അങ്ങിനെ ഒന്നൊന്നായി പുറത്തുപോയാൽ ഒടുവിൽ ശേഷിക്കുന്നതു "കാൺഗ്രസ്സ്" എന്ന പദം മാത്രമായിരിക്കും. ആ പദത്തിനെ ആരും പന്താടാതെ ഇരിക്കുമെങ്കിൽ അതു ശുദ്ധമാണു്; മഹാത്മജി വിഭാവനചെയ്തതു തന്നെയാണു്.


## പ്രത്യേക അറിയിപ്പ്

## പി. മാധവൻതമ്പി

### വെങ്കലപാത്രവ്യാപാരം

ചാല—തിരുവനന്തപുരം

ഞങ്ങളുടെ കടയിൽനിന്നും വാങ്ങുന്ന വെങ്കലപാത്രങ്ങൾക്ക് എന്തെങ്കിലും അററകുററമോ, ഉപയോഗശൂന്യമോ ആയിരുന്നാൽ, ആ പാത്രം ഞങ്ങൾ തരുന്ന ബില്ലോടുകൂടി മടങ്ങിക്കൊണ്ടുവരാവുന്നതും ബില്ലുപ്രകാരംതന്നെ സൈസുപാത്രം കൈവശം ഇല്ലാത്തപക്ഷം അതിന്റെ വില തിരിച്ചുകൊടുക്കുന്നതും ആകുന്നു.

N. B. ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യുന്ന ചെമ്പുപാത്രങ്ങളിൽ ഞങ്ങളുടെ മുദ്ര ഉണ്ടായിരിക്കുന്നതാണു്. കൂടാതെ സ്റ്റെയിൻലസ്സ് സ്റ്റീൽ (എവർ സിൽവർ) പാത്രങ്ങളും എപ്പോഴും കിട്ടുന്നതാണു്.

* ഒരേവില *

പ്രൊപ്രൈററർ, പി. എം. തമ്പി.

# മൊളിയോല പ്രക്ഷോഭണം

(വികടൻ)

മൊളിയോല പ്രക്ഷോഭണമേ? അങ്ങിനെയൊരു പ്രക്ഷോഭണമുണ്ടോ? ഛേയ്! അസംബന്ധം. ഇയാൾക്കു് തലയ്ക്കു് ഓളമാണു്. എന്നു പറഞ്ഞു ചിരിഞ്ഞുപോകാൻ വരട്ടെ. ഈശ്വരൻ സാക്ഷിയായി അങ്ങിനെയൊരു പ്രക്ഷോഭണമുണ്ടു്. ആ പ്രക്ഷോഭണമാണു് നാം നമ്മുടെ ചുററുപാടും ഇന്നലെ മുതൽ ഇന്നുവരെ കണ്ടിട്ടുള്ളതു്: മൊളിയോല പ്രക്ഷോഭണത്തെക്കുറിച്ചു് വളരെ അധികമാരും ചിന്തിച്ചിരിക്കില്ലാ. വളരെപ്പേർ ആ പേരുതന്നെയും കേട്ടറിയുമോ എന്നും വികടൻ സംശയിക്കുന്നു. മൊളിയോല പ്രക്ഷോഭണമെന്നു പേരു വരാൻതന്നെയും ഒരു ഐതിഹ്യവും ആഗമവും പറയാനുണ്ടു്. അതു് വളരെ രസകരമായ ഒരു കഥയാണു്. കാര്യം നിസ്സാരമല്ലാ

വളരെക്കാലത്തിനുമുമ്പു് ഒരു നല്ല മഴക്കോളുള്ള സായാഹ്നത്തിൽ പതിവനുസരിച്ചു് ആളുകൾ അവരവരുടെ ജോലിത്തിരക്കുകൾ കഴിഞ്ഞു് വിശ്രമത്തിനായ് കച്ചേരിക്കവലയ്ക്കടുത്തുള്ള മരത്തണലുകളിലും, കടത്തിണ്ണകളിലും റോഡരികിലും, അവിടവിടെയായി സ്ഥലം പിടിച്ചു. അതൊരു മുൻസിപ്പൽ നഗരമാണു്. അവിടെയും ഉണ്ടു് കുറെ തലയില്ലാത്ത കൗൺസിലറന്മാരും, പ്രസിഡണ്ടും, കമ്മിഷണറും, താന്തോന്നികളായ സിൽബന്ധികളും. മുൻസിപ്പാലിററിക്കു പണം വരവുണ്ടു്. അതു് മുഴുവൻ ചിലവെഴുതാനും അവൎക്കു് വശമുണ്ടു്. ആ നഗരത്തിൽ ആളുകളെ കന്നുകാലികളെപ്പോലെയാണു് നഗരസഭക്കാർ വച്ചിരിക്കുന്നതു്. റോഡിന്റെ ഇരുവശത്തുമുള്ള പോച്ച കടിച്ചുതിന്നുകൊണ്ടു നടക്കുന്ന പശുക്കളെപ്പോലെ, ഈ മനുഷ്യർ അവിടവിടെ തണൽ നോക്കി നിന്നും നടന്നും വിശ്രമിക്കണമെന്നാണു് വ്യവസ്ഥ വച്ചിരിക്കുന്നതു്. അല്ലാതെ പാൎക്കും പരവതാനിയും എന്തിനു്? ഒന്നോൎത്താൽ അതും നല്ലതുതന്നെ. മലമൂത്ര വിസൎജ്ജനത്തിനും അവിടെ മനുഷ്യനും കന്നുകാലിയ്ക്കും ഒരേതരം ഏൎപ്പാടാണു്. റോഡിന്റെ ഇരുവശങ്ങളിലുമാകാം. കുററമില്ലാ. അതു് നാറുകയോ മണക്കയോ ചെയ്യുന്നതിൽ ആൎക്കും ആക്ഷേപമില്ലാ. കമ്മിഷണർ എന്നു പറയുന്ന സത്വം കാലത്തേ ശാപ്പിട്ടു കോപ്പിട്ടു ആഫീസിൽ പോകുന്നതു് കാണാം. അതിരാവിലെ വരുന്ന തൂപ്പുകാരികളും തടിച്ച ക്ലാൎക്കികളും ഈ തിരുമേനിയെ കണ്ടു കഥാകാലക്ഷേപം കഴിഞ്ഞു് അവരവരുടെ ജോലികൾക്കു് തിരിക്കുന്നു. തീററിമാടൻ പ്രസിഡണ്ടു് ആഴ്ചയിലൊരിക്കലോ മറേറാ ആഫീസിൽ ചെന്നു് ഏതോ കടലാസുകളിൽ കൂടി ഒന്നു ഇരുന്നു നിരങ്ങി വീട്ടിലേയ്ക്കു യാത്രയാണു്. കൗൺസിലന്മാർ ചിലർ അക്ഷരജ്ഞാനമില്ലാത്തവരും, ചിലർ തൊഴിലും വരവുമില്ലാതെ നിരാഹാരവ്രതം എന്നും തുടങ്ങിയും മുടങ്ങിയും നടക്കുന്ന ദാരിദ്ര്യമൂൎത്തികളും, വേറെ ചിലർ കരിഞ്ചന്ത വ്യാപാരം നിമിത്തം ഒരു മിന്നിട്ടു് മറെറാന്നിനും സമയമില്ലാത്തവരുമാണു്. അവരെ വാറണ്ടിൽ പിടിച്ചുവേണം കൗൺസിൽ യോഗങ്ങളിൽ കൊണ്ടുവരാൻ. അജൻഡാ പകുതിയാകുന്നതിനുമുൻപു് അവർ അവിടെനിന്നു രക്ഷപ്പെടും. ഒടുവിൽ ശേഷിക്കുന്നതു് കമ്മിഷണറും കുറെ ക്ലാൎക്കന്മാരും മാത്രം. പിന്നെ അവരുടെ ഭരണംതന്നെ.

മുൻസിപ്പാലിററിക്കുള്ളിൽ താമസിക്കുന്ന സകല സാധുക്കളുടേയും കഴുത്തുഞെരിച്ചും, സകല വൃക്ഷങ്ങൾക്കും ചെടികൾക്കും പശുക്കൾക്കും പറവകൾക്കും കെട്ടിടത്തിനും തൂണിനും തുരുമ്പിനും ആണ്ടേയ്ക്കു അറുപതു മുതൽ നൂറു രൂപാവരെ കരം ചുമത്തി സ്ഥിരം ജീവനക്കാരുടെ സംഖ്യ ഇന്നത്തെ എഴുപത്തഞ്ചിൽ നിന്നും എഴുനൂററിപതിനാലായി വൎദ്ധിപ്പിക്കണമെന്നും കമ്മിഷണൎക്കു് അറുനൂററിഎഴുപതും ഹെഡ്ക്ലാൎക്കിനു നൂററമ്പതും അങ്ങിനെ അങ്ങോട്ടു ഓരോരുത്തൎക്കും ആഗ്രഹംപോലെ പരിഷ്കരി

ച്ചുകൊണ്ടുള്ള ഓരോ തീരുമാനങ്ങൾ ആ മുമ്പേ ഇറങ്ങിപ്പോയ കൊഞ്ഞാണന്മാരുടെവകയായി മിനിററിൽ എഴുതുന്നു. ഇങ്ങനെയൊക്കെയാകുമ്പോൾ ജനങ്ങൾ റോഡുകാക്കാതെന്തു ചെയ്യും? അതങ്ങിനെ നില്ക്കട്ടേ.

അന്നു് അങ്ങിനെ ആളുകൾ തിങ്ങിക്കൂടിനിന്നു് അന്യോന്യം വായിൽനോക്കുനടത്തി വെടിപറഞ്ഞു് രസിച്ചുനില്ക്കവേ 2-പൈതങ്ങൾ കച്ചേരി ഗേററുകടന്നു് അകത്തേയ്ക്കു് ഓടുന്നതു കണ്ടു അതിനകത്താണു് പോലീസ്സ്റ്റേഷൻ. ഉത്സവസ്ഥലത്തു് കമ്പപ്പുരയും, യുദ്ധരംഗത്തു് ശത്രുക്കളുടെ കൂടാരവും, വിജനതകളിൽ ചുടലത്തീയെരിയുന്ന ചുടുകാടും, കപ്പൽയാത്രക്കാൎക്കു് ചുഴലിക്കാററും, വള്ളക്കാൎക്കു മഴക്കാലത്തു് വേമ്പനാട്ടുകായലും, പോലെയാണു ആ സ്ഥലത്തു പോലീസ്സ്റ്റേഷൻ കയ്ക്കൂലികോമരമായ ഒരു തടിമാടൻ ഇൻസ്പെക്ടർ ഏതോ വൻതരംഭരണിപോലെ അവിടെ ഇരിപ്പുണ്ടു്. സാധുക്കളേയും മൎയ്യാദക്കാരേയും പണംകോരി ചൊരിഞ്ഞില്ലെങ്കിൽ തല്ലിത്തകർക്കുന്നവനാണു്. സമാധാനപരിപാലകനെന്നാണു് ഈ ജീവിയുടേയും പേരു് അടുത്തേതോ ഒരു നാളിൽ പ്രധാനമന്ത്രിയുടെവക ചില സ്വകാൎയ്യജംഗമങ്ങൾ കൈമോശംവന്നതിൽ മൂന്നുദിവസം തികയുന്നതിനുമുമ്പു് ഈ കുംഭോദരൻ അതന്വേഷിച്ചു പിടിച്ചു് തിരിച്ചേല്പിച്ചതിനു പ്രത്യേകമായി ഏതോ മെഡൽ അദ്ദേഹത്തിനു് നല്കപ്പെട്ടുപോലും. ആ ജംഗമം എന്താണെന്നു് സൂക്ഷ്മം അറിഞ്ഞുകൂടാ. അരയിൽകെട്ടിയിരുന്ന രക്ഷാകവചത്തോടു കൂടിയ അരഞ്ഞാണവും അണ്ടർവെയറും ആണെന്നു് കേൾവിയുണ്ടു്. അതങ്ങനെ പ്രധാനമന്ത്രിയുടെ വകയായി നാട്ടിൽ ചിലവല്ലാത്ത സ്ഥലങ്ങളിൽ കിടന്നുപോകുന്നതു് വെറും കുറച്ചിലായിപ്പോകുമെന്നുള്ള ഭയവും, വെപ്രാളവും, നീങ്ങിയതുമൂലമുള്ള കൃതാൎത്ഥത ചെറുതാണോ!

അങ്ങനെ ആ ബാലന്മാർ കച്ചേരിവളപ്പിലേയ്ക്കു ഓടുന്നതുകണ്ടു്, നാലഞ്ചാളുകൾ കാൎയ്യമന്താണെന്നറിയാൻ കൂടെ ഓടി. അഞ്ചാളുകൾ ചേൎന്നു് രണ്ടു ബാലന്മാരുടെ പുറകേ പായുന്നതു ഏങ്ങിനെ മററുള്ളവർ മൈൽക്കുററിപോലെ നോക്കിനില്ക്കും. മനുഷ്യനു് പൗരുഷവും ചുണയും സാഹസബുദ്ധിയും വിപദിധൈൎയ്യവും ത്യാഗമനസ്ഥിതിയും ജന്മവാസനകളല്ലേ! വിശേഷിച്ചും ധീരന്മാരും ദേശാഭിമാനികളുമായ മലയാളികൾക്കു് ഈ ഗുണം ഒന്നുവേറെ തന്നെ. ഒരു സംഘം കടത്തിണ്ണനേതാക്കന്മാർ മററേ രാജവീഥിപ്രമുഖന്മാരെ അനുഗമിച്ചു് ശരവേഗത്തിൽകൂടെ ഓടി. എന്തിനു പറയുന്നു. ഒരു പത്തുമിനിട്ടിനുള്ളിൽ കച്ചേരിമൈതാനം ഒരു മനുഷ്യമഹാസമുദ്രമായി തീൎന്നു. നമ്മുടെ ഇന്നത്തെ മന്ത്രിമാർ കണ്ടിരുന്നെങ്കിൽ ആ ജനലക്ഷത്തെ വെറുതേപോകാൻ അനുവദിക്കുമായിരുന്നോ! എവിടെനിന്നെങ്കിലും ഒരു ഉച്ചഭാഷിണിയന്ത്രംകൊണ്ടുവന്നു ഒരു മൂലയിൽവച്ചു ഫിററുചെയ്തുകൊണ്ടു് നല്ലൊരു ഉൽഘാടനപ്രസംഗം തന്നെ തട്ടിവിടും. ഏതിന്റെ ഉൽഘാടനമെന്നാണോ ചോദിക്കാൻഭാവിക്കുന്നതു്? അങ്ങിനെയൊന്നും ചോദിക്കേണ്ടതില്ല. ഏതിനും


# അംബികാവിലാസം റെസ്റ്ററാൻറ്

മീനാംബികാ തിയേററിനു സമീപം **ആററിങ്ങൽ.**

**നിങ്ങൾ ആററിങ്ങൽ വരുമ്പോൾ ഞങ്ങളുടെ റെസ്റ്ററൻറ് സന്ദർശിക്കുവിൻ**

**സുഖകരമായ ഭക്ഷണവും ഹൃദ്യമായ പാനീയങ്ങളും എപ്പോഴും തയ്യാർ.**

**പ്രൊ: P. ശങ്കരൻ നായർ.**

ഉൽഘാടനമാകാം. രണ്ടു മന്ത്രിമാർ ഒരു യോഗത്തിൽ പ്രസംഗിക്കുമ്പോൾ രണ്ടു വൻകിടനേതാക്കന്മാർ ഒരു യോഗത്തിലകപ്പെട്ടാൽ ഒരാൾ ഉൽഘാടകനും, മറേറയാൾ അദ്ധ്യക്ഷനും ആകാതെ പിന്നെന്തു ചെയ്യണമെന്നാണു് താങ്കളുടെ അഭിപ്രായം? വാസ്തവത്തിൽ ഈ "ഉൽഘാടനപ്രസംഗം" എന്നൊരു പുതിയ ഏർപ്പാടു വന്നില്ലായിരുന്നെങ്കിൽ ഈ മന്ത്രിമാർ എന്തു ചെയ്യുമായിരുന്നു! ദൈവം വലിയവൻതന്നെ.

സത്തക്ഴലിലഥവാ തുന്നയ്ക്കുവാ-
നെത്തും നിയതിയോരോവടിവിൽ.

ഈ ഉൽഘാടനം അങ്ങനെ നോക്കുമ്പോൾ, മന്ത്രിമാരെ സഹായിക്കാനുള്ള ഒരവതാരമെന്നു വേണമെങ്കിലും പറയാം. പോകട്ടേ.

ആകപ്പാടെ മൈതാനം ഇരമ്പിപ്പുകയുന്നു. ആദ്യം ഓടിയ പയ്യന്മാരെ കാണാൻകഴിയാത്ത നിലയിൽ ജനങ്ങൾ അവരെ മൂടിയിട്ടുണ്ടു്. വീണ്ടും പുറകിൽനില്ക്കുന്ന ജനങ്ങൾ അവരുടെ അടുത്തേയ്ക്കുചെല്ലാൻ അതിസാഹസപ്പെടുന്നു. ആ ധീരന്മാർ അടങ്ങിനില്ക്കുമോ! ഇതിനിടയിൽ ഒരുസംഘം ലാത്തിധാരികളായ പോലീസുകാർ ഒരുവശത്തെത്തിയിട്ടുണ്ടു്. ഊർജ്ജസ്വലനായ ഇൻസ്പെക്ടർ മേലധികാരിക്കു് ഫോൺ ചെയ്തിരിക്കുന്നു.

സ്ഥിതിഗതികൾ നിയന്ത്രണാതീതമെന്നു കണ്ടാൽ റിസർവ്വ് വാൻ വരുന്നതിനു തയ്യാറായിട്ടുണ്ടു്. ആകപ്പാടെ നഗരം സജീവമായിട്ടുണ്ടു്. പത്രപ്രതിനിധികൾ പരുന്തിനെപ്പോലെ വട്ടംചുററുന്നു. ഒരു തുമ്പും കിട്ടുന്നില്ലാ ഒന്നു രണ്ടുപേർ അടുത്തുള്ള ഒരു മരത്തിൽ വലിഞ്ഞുകയറി സ്വന്തം കൈതന്നെ ബൈനക്കിളാക്കി സൂക്ഷിച്ചുനോക്കി കണ്ട വിവരങ്ങൾ ജനതതിയോടു് പ്രക്ഷേപണം ചെയ്യുന്നു. ഏതോ ചെമ്പിച്ചുപഴന്ന ഒരു സാധനം ബാലന്മാരുടെ മുമ്പിൽ തറയിൽ കിടക്കുന്നുണ്ടെന്നും അതിന്മേൽ അവർ രണ്ടാളും അവകാശത്തർക്കം പുറപ്പെടുവിച്ചു് വീറുകൊണ്ടു നില്ക്കുകയാണെന്നും പ്രക്ഷേപണക്കാർ ഉറക്കെ വിളിച്ചുപറഞ്ഞു. എന്താണാസാധനമെന്നു് തീർച്ചപറയാൻ നിവൃത്തിയില്ലാ. രംഗം അങ്ങിനെ ഒരു അരമണിക്കൂർ നീണ്ടുനിന്നു. കാഷ്മീർ രാജ്യം പോലെ ഒരു സ്തംഭാവനാവസ്ഥയാണു് അവിടെ ആയവസരത്തിൽ ദൃശ്യമായിരുന്നതു്. പതുക്കെ ആളുകൾ പിരിഞ്ഞു. കാര്യം നേരേ മനസ്സിലാക്കി തിരിച്ചുവന്ന ഓരോരുത്തർക്കും ഒരു വല്ലാത്ത മ്ലാനത. മനസ്സിണങ്ങാത്ത ഏതോ ഭക്ഷിച്ചതുപോലെ ചിലർ ഒന്നും മിണ്ടാതെ നേരേ വീട്ടിലേയ്ക്കു് നടന്നുകളഞ്ഞു. ചിലർക്കു ദേഷ്യംതോന്നി. ചില പാവങ്ങൾ നേരുപറഞ്ഞു. കാര്യം ഒന്നും ഇല്ലായിരുന്നണ്ണാ! ഒരു മൊളിയോല ആ തെങ്ങിൽനിന്നും വീണു. അതെടുക്കാനാണു് ആ പയ്യന്മാർ മത്സരിച്ചു ഓടിയതു്. അവരുടെ പുറകിൽ ഇത്രയുംപേർ ഓടിയതുകൊണ്ടാണു് സംഗതി ഇങ്ങനെ നാണംകെട്ടതായിപ്പോയതു് അല്ലാതെന്തു പറയാനാണു്. "ഓലവീണാൽ അതു് ഓടിപ്പോയി എടുക്കാറില്ലേ? അതിനും ഒരു പ്രക്ഷോഭണം വേണോ" നോക്കണേ ആ പാവങ്ങൾ പറഞ്ഞതു് എത്ര നന്നായിരിക്കുന്നു. അവർക്കെന്തു രാഷ്ട്രീയബോധം. എത്ര നല്ല ദീർഘദൃഷ്ടി!

ഇന്നു നാം കാണുന്ന എല്ലാ പ്രക്ഷോഭണങ്ങളും ഈ മൊളിയോലപ്രക്ഷോഭണത്തോടനുബന്ധിച്ചതാണു്. ഏതെങ്കിലും ഒരു കാര്യം കിട്ടണം! അതിനായി ഒരോട്ടം ഓടണം പത്തുപേരോ—പതിനായിരംപേരോ കൂടെ ഓടിക്കണം. കുറെ സമയം പാഴാക്കണം. എന്തിനു മുമ്പെ ഓടിയവനു് ഓലയടിച്ചുകൊണ്ടു പോകണം. അവരെ വിശ്വസിച്ചോ തെററിദ്ധരിച്ചോ ഒന്നും മനസിലാക്കാതെയോ കൂടെ ഓടി

ന്യൂ റെസ്റ്റോറൻറ്
തമ്പാനൂർ : : : തിരുവനന്തപുരം
ശുചിത്വമായ കാപ്പിയും, ശാപ്പാടും
എപ്പോഴും തയാർ.
പ്രൊ: വി ഭാസ്കരപിള്ള.

യവർ ഇളിഭ്യരായി തിരിയെ പോകണം. ഇങ്ങനെ എത്ര എത്ര ഓട്ടം നാം ഓടി സംഘം തിരിഞ്ഞും, ആദർശം മാറിയും, അട്ടഹസിച്ചും, ആവേശംകൊണ്ടും ഓടിയില്ലേ! എന്നിട്ടെന്തായി. മൊളിയോല ആണുങ്ങൾ അടിച്ചുകൊണ്ടുപോയി. എന്നിട്ടും നാം തളർന്നില്ലാ. പാഠം പഠിച്ചില്ലാ. അഞ്ചുദിവസം കഴിഞ്ഞു് വേറൊരു തെങ്ങോ മടലോ, ഓലയോ, വീണാൽ അതിൻെറനേർക്കു് ആരെങ്കിലും വിരു കാണിച്ചു പായുമ്പോൾ പഴയതുമറന്നു് നാം പിന്നേയും മൂളിപ്പിടിച്ചോടും. ചാടും, തുള്ളും, ഞെരുങ്ങും, വിയക്കും, വിളിക്കും. മരത്തിൽ കയറിനിന്നു് പ്രക്ഷോഭണം നടത്തും. ഒടുവിൽ തോല്ക്കും.

പണ്ടു സഖാവു് ശ്രീരാമനേയും ലക്ഷ്മണനേയും മാരീചനും രാവണനും കൂടി ഓലപ്പാമ്പു കാണിച്ചു് ഏമാററിയിട്ടു സീതയെ തട്ടിക്കൊണ്ടുപോയില്ലേ! നമ്മുടെ മന്ത്രിമാർ മൈതാനമഹായോഗങ്ങൾ കൂടി മൊളിയോലപ്രക്ഷോഭണം നടത്തി അവസാനം നമ്മെ ഇളിഭ്യരാക്കിയില്ലേ! ഇപ്പോൾ മന്ത്രിമാർ വിളിച്ചാൽ നാം പോകാറില്ല. അവരതു മനസ്സിലാക്കി. അവർ ആരെക്കൊണ്ടെങ്കിലും എന്തെങ്കിലും കാട്ടിക്കൂട്ടി ആളുകൂട്ടി അവിടെ പാഞ്ഞെത്തി കുറെ വർണ്ണനകൾ നടത്തി അടുത്തതവണയ്ക്കു് വോട്ടു വേറെ പോകരുതെന്നു് ഏർപ്പാടുചെയ്യാൻ നോക്കുന്നു. ഇങ്ങനെവന്നപ്പോൾ ജനങ്ങൾ വീണ്ടും കാര്യം മനസ്സിലാക്കി. മന്ത്രിമാരുടെ യോഗങ്ങളിൽ നിശ്ശേഷം പോകാതായി. ഉടനെ ബുദ്ധിമാനായ മന്ത്രി ഉത്സവങ്ങൾ നടത്താൻ ചിലരെ പ്രേരിപ്പിച്ചു. ഉത്സവസ്ഥലത്തു് ഉച്ചഭാഷിണിവച്ചു് തങ്ങളുടെ മൊളിയോലപ്രക്ഷോഭണം അങ്ങോട്ടു മാററി. കുറവരേയും പുലയരേയും കൊണ്ടു് യോഗങ്ങൾകൂട്ടി അവരുടെ ഇടയിൽ മൊളിയോലപ്രക്ഷോഭണം നടത്തി. ആകപ്പാടെ മനുഷ്യർ വിശ്വസിച്ചു് ഒരിടത്തും പോകാൻവയ്യാതായി. നേതാക്കന്മാരുടെ മൊളിയോല പ്രക്ഷോഭണം ഏതുവഴിക്കുവരുമെന്നു് എങ്ങിനെ അറിയും?

ഊററ്—മണം—രുചി ഇവയ്ക്കു്
ലില്ലി ബ്രാൻറ് തേയില
ഉപയോഗിപ്പിൻ.
പൂജപ്പുര, തിരുവനന്തപുരം.
മാനേജർ.

വായിച്ചില്ലേ?

1. സ്മരണദർപ്പണം (ഒന്നും രണ്ടും ഭാഗങ്ങൾ)
സർദാർ കെ. എം. പണിക്കരുടെ സംഭവബഹുലമായ ആത്മകഥാകഥനം— വില 3 രൂ.
2 മകരന്ദമഞ്ജരി ശ്രീ പി. ശങ്കരൻനമ്പ്യാർ എം. ഏ. യുടെ ചിന്തോദ്ദീപകമായ ഉപന്യാസങ്ങൾ— വില 1 രൂ. 4 ണ.
3. മാനസപുത്രി മഹാകവി വെണ്ണിക്കുളത്തിൻെറ മനോഹരകവിതകൾ.... വില 1 രൂ. 4 ണ.
4 ബാലഹൃദയം കൈനിക്കര കുമാരപിള്ളയുടെ കഥകൾ— വില 1 രൂ.
5. പരിവർത്തനം ടി എൻ. ൻെറ നാടകം— വില 1 രൂ. 4 ണ.
6. ദർശനം ശ്രീ എൻ. കൃഷ്ണപിള്ളയുടെ നാടകം— വില 1 രൂ. 4 ണ.

P. K. Memorial Book Depot, VAZHUTHACAUD, TRIVANDRUM.

# നാട്ടുവർത്തമാനം

തിരുവനന്തപുരം:—കച്ചക്കടമുക്കിലും സന്നാത്തുമുക്കിലും പഞ്ചസാര ബ്ളാക്കുമാക്കററ് നടത്തുന്ന വ്യാപാരിരഹസ്യം വരുന്നു. വീട്ട് ആവശ്യങ്ങൾക്കും, ചായക്കടകൾക്കും എല്ലാവിധ വെങ്കലപാത്രങ്ങളും ആവശ്യമുള്ളവർ ചാലയിൽ മി: മാധവൻതമ്പിയെ സമീപിക്കുക. പാളയം റിഫ്രെഷ്കഫ് ശ്രീ. P. വേലായുധന്റെ മേൽനോട്ടത്തിൽ ഭംഗിയായി നടക്കുന്നു. M. S. T. R. 6116 ബമ്മാഷെൽവക പെട്രോൾ ലാറിയിലെ ഡ്രൈവരുടെ നിയന്ത്രണമില്ലാത്ത ഡ്രൈവിംഗിൽ പലരും അകാലമരണത്തിന് ഇരയാകുമെന്നു പല യാത്രക്കാരും പറയുന്നു. Y. W. C. A.-യിലെ ഒരു വനിതക്ലാർക്ക് കാഴ്ചബംഗ്ലാവിൽ ദിനംപ്രതി സഞ്ചരിക്കുന്ന രഹസ്യം വിശദമായി അടുത്തതിൽ. പുളിമൂട്ട് മുക്കിൽനിന്നും കിഴക്കോട്ടു ചാടുന്ന ഒരു യക്ഷി ഇതിനകം ഒരുഡസൻ ഗന്ധർവന്മാരുടെ രക്തം ഊററി കുടിച്ചിട്ടുണ്ടെന്നു മനസിലായി. പുളിമൂട്ടിൽ T. S. S. മണി & Co.-യിൽ പരിപൂർണ്ണ ഉത്തരവാദിത്വമുള്ള സ്വർണ്ണം & വെള്ളി ആഭരണങ്ങളും മിതമായ റേററിൽ കിട്ടുമെന്ന് അനുഭവസ്ഥന്മാർ അഭിപ്രായപ്പെടുന്നു. പേട്ടയിൽ മി: ശ്രീധരന്റെ ഉടമസ്ഥതയിൽ നടക്കുന്ന മുരുകൻസ്റ്റോറിൽ എല്ലാ ഇനം തുണിത്തരങ്ങളും കിട്ടുന്നതാണ്.

പത്തനംതിട്ട:—പോലീസ് ഭരണം തൃപ്തികരം. ചില വെട്ടിമലത്തു സിൽബന്ധികളെ സൂക്ഷിക്കണം ഉള്ളായത്തിന്റെ കള്ളത്തരങ്ങൾ കണ്ടുപിടിച്ചതിൽ സന്തോഷം, അഡി: സ: രജിസ്ട്രാർ ആധാരം സ്വീകരിക്കാത്തതു് സമയം അമാന്തിച്ചതുകൊണ്ടല്ലെന്നു മനസ്സിലായി. സി. എൻ. ത്വരയുടെ വേപ്പരിമൊത്തവ്യാപാരം എല്ലാ കാളച്ചന്ത വാണിഭസ്ഥലങ്ങളിലും ഉണ്ടായിരിക്കും. എം. കെ. മാധവനാചാരിയുടെ സ്വർണ്ണവ്യാപാരം അഭിവൃദ്ധിയിൽ. എം. സി. ചന്തപ്പിരിവു നടത്തുന്നതിൽ സാമാന്യജനങ്ങൾക്ക് ഒരനുഗ്രഹമാണെങ്കിലും മീനാക്ഷിമുക്കുകാർക്ക് അത്ര പിടിത്തമല്ലന്ന് ഒരു സംസാരം.

കോന്നി:—വി. ഐ. ജോർജ്ജിന്റെ നടപടിയും ഡീസ്ഫൂൾ സമ്പ്രദായവും ഇലഞ്ഞിക്കൽ സൂക്ഷിക്കണം. ഒരു സുന്ദരൻ ഫാറസ്റ്റർ ചാ: ഷാപ്പു കൺട്രാ രെ പലവിധത്തിലും നഷ്ടപ്പെടുത്തിവരുന്നതായി കേൾവി ഉണ്ടായിരിക്കുന്നു. രാവുത്തരുടെ ചിട്ടിപ്രവർത്തനത്തിന് നല്ല ഒരു ഭാവിയുണ്ട്. വി. ഐ. ജോണിയുടെ കച്ചവടം തൃപ്തികരം.

പത്തനാപുരം:—കള്ളുഷാപ്പിനു സമീപമുള്ള ഒരു യക്ഷിയെ വഴിപോക്കർ ശ്രദ്ധിക്കണം. നെടുമ്പറമ്പുമുക്കിന്റെ പേരുമാററി മീനാക്ഷിമുക്ക് എന്നാക്കിയതിൽ സന്തോഷമുണ്ട്. തൽസ്ഥാനത്തു് ഒരു ചെക്കരുടെ പ്രതിമ സ്ഥാപിക്കാൻ ആലോചനയുള്ളതിൽ കൺടക്ടർക്ക് ഖേദമുണ്ടുപോൽ. യോഗ്യനായ ബാങ്കറെ ചതിക്കാൻ ഒരുങ്ങിയ ചില പൊടി മുതലാളിമാരിൽനിന്നും ഒഴിഞ്ഞു മാറിയതിൽ സന്തോഷമുണ്ട്. കിഴക്കേതിൽ ഒരു ഭയങ്കരയക്ഷിയുടെ ഉപദ്രവം തുടങ്ങിയിരിക്കുന്നുപോൽ. ഭാർഗ്ഗവീപ്രേമം ഒററയിലായതു വാസ്തവമാണോ! റഹിമാൻസാറിന്റെ ചിട്ടികൾ ഭംഗിയായി നടക്കുന്നു. സിനിമാകൊട്ടകയുടെ മുമ്പിൽ ബഹളം ഉണ്ടാകാതെ പോലീസ് ശ്രദ്ധിച്ചാൽകൊള്ളാം.

മുരുക്കുംപുഴ:—പെരുമാതുറയിൽനിന്നും സിനിമാ കാണാൻവരുന്ന ഒരുതരം റൗഡികൾ സിനിമാകഴിഞ്ഞു് മടങ്ങുമ്പോൾ സാധുക്കളായ കള്ളുവള്ളക്കാരെ ദേഹോപദ്രവം ചെയ്യുവാൻ ശ്രമിക്കുന്നതും, വള്ളം വയലിൽ എടുത്തിട്ടിട്ട് പോകുന്നതും മററും കഷ്ടമാണ്. കഠിനംകുളം വെട്ടിയതുറയും ഒരു റേഷൻഡിപ്പോയും കുഴപ്പങ്ങളും വിശദമായി അടുത്തതിൽ.

നെടുമങ്ങാട്ട്:—താലൂക്കിലെ ഓസുവായനക്കാരുടെ ലിസ്റ്റ് അടുത്തതിൽ. ഒരു സ്വർണ്ണാഭരണ വ്യാപാരരഹസ്യം വഴിയേ. അംബിക റെസ്റ്റാറന്റ് നല്ല സ്ഥാപനമാണ്. കല്ലമ്പാറ യക്ഷി പുരോഗമനത്തിലാണ്. S. P-യുടെ

ഹോട്ടൽ അനുഗ്രഹം തന്നെ. താലൂക്കുകച്ചേരി രഹസ്യം അടുത്തതിൽ. ബാബൂസ് ററീ രുചി ഉള്ളതുതന്നെ. കരിപ്പൂരു് സന്ദർശിക്കുന്ന ഒരു ഗന്ധർവ്വരഹസ്യം രസകരമുള്ളതു തന്നെ.

കാട്ടാക്കട.—രജി: കച്ചേരിയും രഹസ്യവും വിശദമായി അടുത്തതിൽ. മുരളിബേക്കറിയിൽ ഒന്നാംതരം സ്വീററു ബിസ്കററുകൾ കിട്ടുന്നതാണു്. അരി ബ്ളാക്കു് അഭിവൃദ്ധിയിൽത്തന്നെ. മി: സദാശിവൻെറ ജൗളിക്കടയിൽ സകലതരം തുണികളും മിതമായ വിലയ്ക്കു കിട്ടുന്നതാണു്.

ചുള്ളാളം:—നെട്ടവേലിപ്പാറ പറമ്പിലെ ഈ കൊല്ലത്തെ ഉത്സവം വമ്പിച്ച ഒരു കഥകളിയോടുകൂടി സമംഗളം നടത്തിയതിൽ ഉത്സവഭാരവാഹികൾ അനുമോദനാർഹരാണു്. സ്ഥലത്തു് ഒരു അഞ്ചൽപ്പെട്ടി സ്ഥാപിച്ചുകിട്ടണമെന്നു് നാട്ടുകാർ പരാതിപ്പെടുന്നതു് അഞ്ചൽഡിപ്പാർട്ടുമെൻറു് ശ്രദ്ധിച്ചാൽ കൊള്ളാം.

അഞ്ചൽ:—"പന്തള ജൗളീശ"ൻെറ ബന്ധം ഭാവേനയുള്ള വയലാ നൈററുഡ്യൂട്ടിയും, ആവിയോടീവേഷ്ടിയും അനാരോഗ്യകരമാണു്. കാത്തികേയാമൃതം സേവിച്ചാൽ പള്ളവീക്കമെന്നുള്ള "ഗൗരീശങ്കർ" അനുഭവം മററതിനൊരു പാഠമായിരിക്കട്ടെ. ആയൂരെ ടൈലർ പയ്യൻെറ ആ വേഷ്ടി സ്നേഹമുള്ളവർക്കൊരു സങ്കടമാണു്. അതു ആവത്തിക്കരുതേ. റേഷൻകടകളിലെ "നല്ലരി"യെല്ലാം പറക്കുന്നപോലും.

മുദാക്കൽ:—നവീനരീതിയിലുള്ള സ്വണ്ണാഭരണങ്ങൾ ചെയ്തുകൊടുക്കാൻ മി: പത്മനാഭനാചാരി സമത്ഥനാണെന്നു് ചില അനുഭവസ്ഥന്മാർ പറയുന്നു. സരസ്വതിവിലാസം വായനശാല ഉത്തരോത്തരം അഭിവൃദ്ധിയിൽ തന്നെ.

പേരൂർക്കട:—രുചിയും ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾ ആവശ്യമുള്ളവർ മി: രാഘവപണിക്കരുടെ നാഷണൽ റെസ്റ്റാറൻറു് സമീപിക്കുക. ഡയറിഫാമിലെ ചില കുഴപ്പങ്ങൾ അടുത്തതിൽ

പുനലൂർ:—ഇളമ്പൻ റേഷൻകടയും 604-ാം നമ്പർ സൊസൈററി പ്രവത്തനവും അടുത്തതിൽ. പഴയ ഈനാസു് മേസ്തിരിയുടെ സന്മനോഭാവത്താൽ പഴങ്കഞ്ഞികുടിക്കാൻ പരുവം പററിയതിനെ പാഴിലാക്കരുതെന്നു് പറയുന്നതിൽ പരിഭവിക്കയില്ലന്നു് വിശ്വസിക്കുന്നു. മി: ബാലകൃഷ്ണപിള്ളയുടെ നാഷണൽ ഹോട്ടലിനു നല്ല ഒരു ഭാവിയുണ്ടാകും. ഒ: ചെല്ലപ്പൻ കൃസ്ത്യാനിനാടകം പഠിച്ചതും കുണ്ടറ ആശുപത്രിയിലായ ഹരികഥയും മററും വിശദമായു് അടുത്തതിൽ.

കൊല്ലം:—സെയിൽസ്ടാക്സ് ആഫീസരുടെ താമസസ്ഥലവും തെക്കുവശമുള്ള വേലിക്കെട്ടുമായുള്ള സഹവാസവും എല്ലാം മനസ്സിലായി. റൗൺസർവ്വീസു് നടത്തുന്ന ഭാരവാഹികളുടെ പ്രവത്തനരീതി ട്രാൻസ്പോർട്ടു ഭാരവാഹികൾ കണ്ടുപഠിക്കേണ്ടതാണു്. ട്രാൻസ്പോർട്ടാഫീസിനടുത്തു് സ്ഥാപിച്ചിരിക്കുന്ന മോഡേൺകഫേ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരുന്നു. യാത്രക്കാരുടെ ദാഹവും വിശപ്പും തീക്കുന്നതിനുള്ള ഒന്നാംതരം സ്ഥാപനമാണു്. മി: നാണുച്ചിൻെറ സോഡാഫാക്ടററിയിൽ


# മോഡേൺകഫേ

സ്റ്റേററു ട്രാൻസ്പോർട്ടാഫീസ്

കൊല്ലം

ശുചിയും രുചിയുമായ ആഹാരത്തിനും, സുഖമായി താമസിക്കുന്നതിനും പററിയ ഒന്നാംതരം സ്ഥാപനം.

സന്ദർശിക്കുവിൻ! ആനന്ദിപ്പിൻ!!

നിർമ്മിക്കുന്ന സാധനങ്ങൾക്ക് ഒരു പ്രത്യേക ഗുണമുണ്ട്.

കളത്തുപ്പുഴ:—വക്കല കളത്തുപ്പുഴ ബസ്സ്റ്റമ സ്ഥലനാം, തണ്ടാർ ദളാക്ഷിയും, പ്രഹരാദി കഷായ പാനവും, ജോലിക്കായ് ഇരുന്നൂറും മുന്നൂറും വാങ്ങി വായ്മണ്ണാഫീസിലേയ്ക്ക് പറഞ്ഞയക്കുന്നതും എല്ലാം വിശദമായടുത്തതിൽ.

വിതുര:—സ്ഥലത്തെ ഒരു പ്രമുഖത്തോട്ടമായ ഗോകുൽ എസ്റ്റേററിലെ കുടിപാപ്പുകാരായ സാധുക്കളെ മാനേജുമെൻറ് അന്യായമായ വിധത്തിൽ കുടിപൊളിച്ച് ഇറക്കിവിടുവാൻ ശ്രമിക്കുന്നതിനെ ബ: ഗവൺമെൻറിൽനിന്നും തടയുമോ?

കടക്കൽ:-ഗോവിന്ദമംഗലത്തെ കുളം വൃത്തിയാക്കുന്നതും പുതിയ റോഡും ജനോപകാരമാണ്. സരസ്വതിവിലാസം ശുചിക്കും രുചിക്കും മെച്ചം. എം. എം. സ്കൂളിൻെറ പുറംതിണ്ണകം ഭംഗിയായി ചെയ്തു തീർത്തിരിക്കുന്നു. ടി സ്കൂളിനെപ്പററി മുൻ ലക്കത്തിൽ പറഞ്ഞിരുന്ന കേൾവികളും വാസ്തവമല്ല. ഒൻപതാംനമ്പരിലെ പയ്യന് വല്ലാത്ത രോഗമാണുപോലും. യാചകിയെ ഗൗനിക്കാതിരുന്നത് അധർമ്മമല്ലേ? ചന്തദിവസങ്ങളിൽ കവർച്ചേ പുരോഗതിയിൽതന്നെ.

പുല്ലമ്പാറ:—കുളപ്പുറത്തെ എം.എൻ. ബി. (ത്രിമൂർത്തി) സമ്മേളനവും പുലയസ്ത്രീയുടെ വിവാഹമോചനവും പഞ്ചുരുപായുടെ പുറത്തുള്ള നിലയും അടുത്തതിൽ.

കോലിയക്കോട്ട്:—കണ്ണങ്കര തെക്കതിൽ വെടിക്കെട്ട്, വിദഗ്ദ്ധ നടന്മാരുടെ കഥകളി ഇവയോടുകൂടി ഉത്സവം ഭംഗിയായി.

തോന്നയ്ക്കൽ:—പുളിമൂട്ടിൽ പാലത്തിൻെറ പണി ഒച്ചിൻെറ ഘോഷയാത്രപോലെ ധ്രുതഗതിയിലത്രേ. ഇടത്തിമൂട്ടിലെ ഉത്സവം മംഗളമായി. കഥകളി ഭാഗവതർ ശ്രീ. തങ്കപ്പൻനായർ ദാമോദരനാർഹനാണ്. മാടാംവഴി പാലത്തിൻെറ കാര്യം ഒന്നു ഗൗനിക്കണേ.

ചിറയിൻകീഴ്:—ശാർക്കര ഉരുൾ വളരെ കേമമായി. തല തെറിച്ചതെങ്കിലും അപകടമില്ല; ആ കമ്പക്കെട്ടോടുകൂടി ജനകീയത്തിനിടയിൽ ഭരണി ഉത്സവവും അതീവ ഭംഗിയായി. ബസ്സ്റ്റാൻഡിൽ കേശവപിള്ളയുടെ റഗീഷാപ്പും ജെ. ബി. ആർ. എസ്. ഫർണിച്ചർമാർട്ടും പുരോഗതിയിൽ ഭരണി ദിവസം ക്ഷേത്രക്കുളപ്പുരയിൽ. കടക്കൽ യക്ഷി പ്രത്യക്ഷമായതും ഉപാസകരെ പററിച്ചു പി. സി. പരുന്ത് റാഞ്ചിയതുമടുത്തതിൽ.

ഭരതന്നൂർ:—ക്ഷേത്രക്കുളവും ക്ഷേത്രത്തിലേക്കുള്ള വഴിയും അധികൃത ശ്രദ്ധയെ പ്രതീക്ഷിക്കുന്നു. രണ്ടാമത്തെ ഉത്സവം കാട്ടുവെട്ടുകൊണ്ടുമാത്രം ഭംഗിയായി.

കുമ്മിൾ:—കടക്കൽ പാങ്ങോട്ടു റോഡ് ദയനീയ സ്ഥിതിയിലാണ്. സ്ഥലത്ത് ഒരു ചന്തയുടെ അത്യാവശ്യമുണ്ട്.

പ്രസിദ്ധിപെററ രജിസ്റ്റേർഡ് No. 29

രാജൻ മെഴുകുതിരികൾ

വാങ്ങി ഉപയോഗിപ്പിൻ

നിർമ്മാതാക്കൾ—

രാജൻ ഇൻഡസ്റ്റ്റീസ്, കൊല്ലം.

പാങ്ങോട്ട്:—മതിര ക്ഷേത്രത്തിലെ ദേവന് പക്ഷവാതമാണുപോലും. ധന്വന്തരിമഠം വൈദ്യശാല അഭിവൃദ്ധിയിൽ.

കല്ലറ:—ന്യൂ ഗ്രാൻറ് ഹോട്ടലും ശബരീശവിലാസവും അഭിവൃദ്ധിയിൽ. തുമ്പോട്ട ഉത്സവ സ്പിരിറ്റ് മാതൃകാപരമാണുപോലും. ഒരു ബാലൻ സ്ത്രീയായിരിക്കുന്നുപോൽ. വിശദവിവരം അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

കുന്നിട:—സ്ഥലത്തെ വിദഗ്ദ്ധ നടന്മാരുടേയും ചേർത്തല റേഡിയോ സ്റ്റാർ ശ്രീമാൻ കുട്ടപ്പക്കുറുപ്പ് ഭാഗവതരുടേയും സാന്നിദ്ധ്യത്തിൽ നടന്ന കഥകളി അതീവ നന്നായി. ശ്രീ. ഭാഗവതർ സദസ്യരെ സംഗീതത്തിലാറാടിച്ചതു് പ്രത്യേകം പ്രസ്താവ്യമാണ്.

മയ്യനാട്:—ശ്രീ കൃഷ്ണാഫാർമസി സാധുക്കൾക്കൊരനുഗ്രഹമാണ്. ജയ്ഹിന്ദ് കഫേ പുരോഗതിയിൽ.

കൊട്ടിയം:—മൈലക്കാട്—കണ്ണനല്ലൂർ റോഡ് ആരെങ്കിലും ഒന്നു പൂർത്തിയാക്കുമോ. സ്ഥലത്തെ ജലദുർഭിക്ഷം അവാച്യമത്രേ.

ചാത്തന്നൂർ:—രാമചന്ദ്രവിലാസം റ്റീഷാപ്പ് പുരോഗതിയിൽ.

മുഖത്തല:—ദേവസ്വത്തിലെ ശ്രീകാര്യക്കാരുടെ വേർപാടുമൂലമുള്ള ഖേദം പിൻഗാമി പരിഹരിക്കട്ടെ! കുളത്തിലെ കുളിമൂലം ദേവൻ ത്വക്‌രോഗിയാണുപോലും. കണ്ടിവാർകേശിയും അണ്ടിയാപ്പീസും അടുത്തതിൽ.

നെടുങ്ങോലം:—കഴിഞ്ഞ ലക്കത്തിൽ രാമൻ നായരുടെ ആശുപത്രി എന്നെഴുതിയിരുന്നതു് രാമരായർ ആശുപത്രി എന്നു തിരുത്തി വായിക്കേണ്ടതാണ്.

വാമനപുരം:—കാരേററ് ശ്രീ. ഗംഗാധരൻ പിള്ളയുടെ മേൽനോട്ടത്തിൽ നടത്തിവരുന്ന കഥകളിയോഗം ഈ കൊല്ലം മുതൽ സുപ്രസിദ്ധനടന്മാരെ കോർത്തിണക്കി കഥകളിപ്രസ്ഥാനത്തിന് ഒരു നവീന അദ്ധ്യായം സൃഷ്ടിച്ചിരിക്കുന്നു എന്ന് പറയുന്നതിൽ ഞങ്ങൾ മടിക്കുന്നില്ല. മി: ഗംഗാധരൻപിള്ളക്കു നല്ല ഭാവിയുണ്ടാകട്ടെ! സബ്‌രജിസ്ട്രാർ അവധിയെടുത്തതു് കക്ഷികൾക്ക് ഒരനുഗ്രഹമാണുപോലും.

ചിതറാ:—സക്സസ്സും കശപിശയും, റേഷൻ കടയിലെ വൃത്തികേടും, ആശാന്റെ പഞ്ചസാരയും, എം. എൽ. ഏ.-യും പത്രക്കാരും, മദ്യത്തിന്റെ വികൃതികളും ഒന്നും അത്ര നന്നല്ലാ. പെററിഷൻ ബിസിനസ്സും ചന്ത ദിവസങ്ങളിലെ കവർ പ്ലേയും അഭിവൃദ്ധിയിൽതന്നെ. മി. റാവുത്തരുടെ ഔദാര്യം പ്രശംസാർഹമാണ്. മാതേവരു കുന്നിലെ ഗൂഢതന്ത്രങ്ങളും, വേലക്കാരിക്കു് പററിയ അത്യാഹിതങ്ങളും അടുത്തതിൽ. മണ്ണറക്കോട്ട സംഭവം ആരേയും വഴിപിഴപ്പിക്കാതിരിക്കട്ടെ. ഔഷധം ഏതായാലും നന്നല്ലാ. മാതൃകാപരമായി ഭവിക്കട്ടെ.

മടത്തറ:—ഒരു വൈദ്യശാല തുറന്നിരിക്കുന്നതു് ജനങ്ങൾക്കു് വലിയ ഉപകാരമാണ്.

ചോഴിയക്കോട്.—ഭൃത്യസ്ത്രീകളെക്കൊണ്ടു് ദാമ്പത്യം പുലർത്തുന്ന ഒരാളുണ്ടെന്നും അതൊക്കെ വെറുതെയാണെന്നു അയാൾ പറയുന്നുണ്ടെന്നും അറിയുന്നു. അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

അറിപ്പ്.—പേരുവച്ചിട്ടില്ലാത്തതിനാൽ ന്യൂസ് ചേർത്തിട്ടില്ലാ, പേരു വച്ചയയ്ക്കണം.

ഇളമ്പ:—ശ്രീ: K. രാമൻകുറുപ്പ് അവർകളുടെ മേൽനോട്ടത്തിൽ മണ്ണാർകോണം ആയിരവല്ലിനടയിൽ ആണ്ടുതോറും നടത്തിവരാറുള്ള ഉത്സവം ഇക്കൊല്ലവും മീനം 2-ാംതീയതി കഥകളി വിളക്ക് മുതലായവയോടുകൂടി നടത്തിയിരിക്കുന്നു.

പാറയടി തെക്കതിൽ കഥകളിക്കു ശ്രീ കുട്ടപ്പക്കുറുപ്പ് ഭാഗവതർക്ക് സുഖമില്ലാതിരുന്നിട്ടും


## വിൽക്കാനുണ്ടു്

25 കോൽ നീളവും 4 കോൽ ചുററളവുമുള്ള ഒരാഞ്ഞിൽതടി പുല്ലമ്പാറ പകുതിയിൽ വില്ക്കാനുണ്ടു്. ആവശ്യക്കാർ സമീപിക്കുക.

പി. ഗോവിന്ദൻനായർ
"വികടകേസരി" ഏജൻറ്
അവനവൻചേരി
ആററങ്ങൽ.

സദസ്യരെ ആനന്ദതുന്ദിലരാക്കിയതു് പ്രശംസാർഹമത്രേ.

മണനാക്ക്-പാലാങ്കോണം തടിയാപിള്ളേ മാസികക്കാരെ കാണുമ്പോൾ കോപം വരുന്നതെന്തിനു്? കരിഞ്ചന്ത കാര്യം പുറത്തുപറയുമെന്നു വച്ചാണോ! മി: അബ്ദുൽ റഹ്മാൻെറ റഠീഷാപ്പിനു് നല്ല ഭാവിയുണ്ടാകട്ടെ!

കവലയൂർ—അംബാജിസോപ്പ്" മാനേജരുടെ ചന്തയിലെ തിരനോട്ടവും കിഴക്കോട്ടുള്ള സൈക്കിൾ സവാരിയും മതിയാക്കി ഇല്ലെങ്കിൽ ശരീരത്തിനു് കേടു് സംഭവിക്കുമെന്നു ഒരു ഉപദേശ ബഹളം, മാന്യനായ യുവാവിൻെറ പേരും പറഞ്ഞു് സഹോദരിയെ തല്ലിയ സഹോദരാ! ഒന്നു ഓക്കണേ!

കുളമുട്ടം--സാഹിത്യസമാജം അഭിവൃദ്ധിയിൽ നടന്നുവരുന്നു. ചില മാന്യന്മാരുടെ കുസൃതികൾ ഒട്ടും നല്ലതിനല്ല. ചൂതുകളി കാരിപ്രയോഗത്തിൽ അവസാനിക്കുമോ! സ്ഥലം ഐ. പി. യുടെ ശ്രദ്ധ തെളിഞ്ഞു പതിയണം. മി: എം. എം. ഹനീഫായുടെ വിവാഹം സമംഗളം കുംഭം 19-ാംതീയതി നടന്നിരിക്കുന്നു.

വാഴയിലകോണം—ഉത്സവം വളരെ ഭംഗിയായി. കഥകളിക്കാരെ ക്ഷണിച്ചു് കന്നാലികൾപോലും ഉപയോഗിക്കാത്ത ഒരുതരം പുഴുക്കുത്തലുള്ള അരിയേ അവക്കു് ഉപയോഗിക്കാവു എന്നു ഉത്സവക്കമ്മററി തീരുമാനിച്ചതു് പരിതാപകരംതന്നെ. അവരും മനുഷ്യരാണെന്നു ധരിക്കണേ!

കുളത്തൂർ—തൃപ്പാപ്പൂർ ക്ഷേത്രത്തിലെ ഈ കൊല്ലത്തിലെ ഉൽസവം കഥകളി, ഓട്ടംതുള്ളൽ, ഹരികഥ മുതലായ ചടങ്ങുകളോടുകൂടി ഭംഗിയാക്കി നടത്തിയതിൽ ദേവസ്വം ശ്രീകാര്യം ശ്രീമാൻ ഭാസ്കരപിള്ള അനുമോദനാർഹരാണു്. ക്ഷേത്രകുളത്തിൻെറ ദയനീയസ്ഥിതി ദേവസ്വം ബോർഡുകാർ ഒന്നു ഗൗനിക്കണേ!

കഴക്കൂട്ടം—വെട്ടുതോടു് കാട്ടായിക്കോണം റോഡിൽ P. W. D മേലധികാരി ഒരു ദിവസമെങ്കിലും യാത്രചെയ്യണേ! ഇത്രയും ഉപയോഗശൂന്യമായ റോഡ് ഐക്യസംസ്ഥാനത്തുണ്ടോ എന്നു സംശയമാണു്. ചന്തവിള സ്കൂളിനുസമീപം ചൂതുകളിയും, വെട്ടിമലത്തും ഭംഗിയായി നടക്കുന്നു കഴക്കൂട്ടം മുക്കിൽ വിജയാബേക്കറിയിൽ ഒന്നാംതരം റൊട്ടി, ബന്നു, ബിസ്കറു തുടങ്ങിയവ മിതമായ വിലക്കു കിട്ടുന്നതാണു്.

ആററങ്ങൽ:—മണ്ഡപത്തുവാതുക്കൽ മുടിപ്പുരയിലെ ഈ കൊല്ലത്തെ ഉത്സവം അലംകോലമായി കലാശിച്ചുപോലും. നാട്ടുകാരോടു് വരിപിരിച്ചുപോലും. കമ്പം നടത്തിപോലും. ഒരാൾ ആശുപത്രിയിൽ ശരണം പ്രാപിച്ചുപോലും. കഥകളി നടത്തുകില്ലപോലും. അഞ്ചലാഫീസിനു സമീപം മി: ഭാർഗ്ഗവൻപിള്ളയുടെ പുഷ്പവ്യാപാരശാല മേൽക്കുമേൽ അഭിവൃദ്ധിയിൽ. അവനവൻചേരി ഒരു റേഷൻ ഡിപ്പോയിൽനിന്നും ചാക്കുംപടി അരി ആററങ്ങലേക്കു പറന്നുപോയതും, വഴിമദ്ധ്യേ പിടികൂടിയതും തട്ടിക്കൊണ്ടു കടന്നതും, തഹസിൽദാർ കട പരിശോധിച്ചതും, മഹസർ തയാറാക്കിയതും, ചില പത്രക്കാർക്കു് നക്കാപിച്ച കൊടുത്തതും മററും രസാവഹമായ ഒരു കഥയാണു്. ഇതുപോലുള്ള കരിംചന്തവ്യാപാരികളുടെ പേരിൽ ഇന്നത്തെ ജനകീയസക്കാർ കർശനമായ നടപടി നടത്തണമെന്നു് ഞങ്ങൾ ഉൽബോധിപ്പിക്കുന്നു. (വി. കെ. പ.)

അവനവൻചേരി:—ക്ഷേത്രത്തിലെ ഈ കൊല്ലത്തെ ഉത്സവം നാട്ടുകാരുടെ പരിശ്രമത്തിൽ വളരെ ഭംഗിയായി നടന്നിരിക്കുന്നു. തകിൽ തങ്കവേലുവിന്റെ തകിൽവായന കേ൦


## ബ്രോച്ചെൽ പെൻവർക്ക്സ്

പരിപൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി എല്ലാവിധ ഫൗണ്ടൻപേനകളും ഭംഗിയായി റിപ്പയർചെയ്തു് കൊടുക്കുന്നതാണു്.

N. B. ഞങ്ങളുടെ സ്വദേശിപേനകൾ വാങ്ങുവിൻ.

കിളിമാനൂർ.
A. O. P. O. ആററിങ്ങൽ.

ക്കേണ്ടതാണ്. നാദസ്വരവിദ്വാൻ അരുണാചലത്തിന് ആദിമുതൽ അവസാനംവരെയും ഒരു സ്വരമേ വശമുള്ളുയെന്നു പലരും പറയുന്നു മി: അരുണാചലത്തിനെക്കാളും വളരെ ഭംഗിയായി വായിക്കുന്ന വിദ്വാന്മാർ നമ്മുടെ നാട്ടുകളിൽ ധാരാളം ഉണ്ട്. ഗണ്യമായ തുക അന്യനാട്ടുകാർക്ക് കൊടുത്താലും തുച്ഛമായ തുക നാട്ടുകാർക്കു കൊടുത്തു് അവരെ പ്രോത്സാഹിപ്പിക്കാത്തതു് നമ്മുടെ പാരമ്പര്യമാണ്.

പലവക:—മന്നാർ തോമസ്സ് ഉണ്ണുണ്ണിയുടെ ഓട്ടുപാത്രകച്ചവടത്തിൻെറ ഉള്ളുകള്ളികൾ വേണമെങ്കിൽ പുറത്താക്കാം. ചെങ്ങന്നൂർപ്പുകയില ബി. അവറാൻ ഇനിയെങ്കിലും ബ്ളാക്കുപണി നിറുത്തിയില്ലെങ്കിൽ അനുഭവം തെളിയിക്കും. തിരുവനന്തപുരം പഴവങ്ങാടിയിൽ ഭാരത് ഫോട്ടോസ്റ്റുഡിയോവിൽ ഒന്നാംതരം ഫോട്ടോകൾ നിർമ്മിക്കുന്നതാണ്. കൊട്ടാരം കഥകളി മാനേജർ ബ്രഹ്മശ്രീ: മണിയുരുടെ മേൽനോട്ടത്തിൽ വളരെ ഭംഗിയായി നടന്നു വരുന്നു. ആററങ്ങൽ പുത്തൻകാവിലെ ഉത്സവം സ്വപ്നംകണ്ടതുപോലെ നടന്നുപോൽ. കല്ലറ മുതുവിള എന്ന സ്ഥലത്തു് കള്ളപ്രമാണകർത്താവും ഹരിജനധ്വംസകനും ഇടത്തരകു വാങ്ങുകയും ചെയ്യുന്നയാൾ ഒന്നു നിറുത്തണേ! കുറക്കോട്ടു് ക്ഷേത്രംസംഘംവക കണക്കെഴുതിയതിൽ അഭിനന്ദിക്കുന്നു. പനകുന്നത്തു ഉത്സവത്തിന് സ്പീക്കറിൻെറ വൈർ അറുത്തുകളഞ്ഞതു് അറിവില്ലാത്തതുകൊണ്ടായിരിക്കും.

കൊട്ടാരം കഥകളി ഭാഗവതർ തിരുവല്ല മി. ചെല്ലപ്പൻപിള്ളയുടെ പാട്ട് കാണികളെ എത്രമാത്രം രസിപ്പിക്കുന്നുണ്ടെന്നു് പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല.

വക്കല:—നാരായണവിലാസം സ്ക്കൂളിനു സമീപം കടുവയെ പിടിക്കാൻശ്രമിക്കുന്ന കിട്ടവായുടെ രഹസ്യം അടുത്തതിൽ. ഉള്ളതുകൊടു ത്താൽ നേരത്തേ വീട്ടുപററാമെന്നുള്ള തരത്തിലാണു് ആയുർവേദ ആശുപത്രിയിലെ ചികിത്സ എന്നു് സമീപസ്ഥർ പറയുന്നു. (അന്വേഷിക്കട്ടെ)

ചെറുനിയൂർ:— ഒരു പാകിസ്ഥാൻ മുതലാളിയും സന്താനനിയന്ത്രണവും വ... ന്നു!

ഓടയം:—177-ാംനമ്പർ ഡിപ്പോ ഉടമസ്ഥൻെറ സാധുക്കളോടുള്ള പെരുമാററം ശകലം മാററണേ!

കല്ലമ്പലം:—സരസ്വതിവിലാസം ബാങ്കിൽ പണകുഴപ്പം ഉണ്ടെന്നുള്ള ജനശ്രുതി പരമാർത്ഥമല്ലെന്നറിയുന്നു. ടി ബാങ്കിൻെറ പ്രവർത്തനം അഭിവൃദ്ധിയിൽ തന്നെ.

തോട്ടയ്ക്കാട്:—പള്ളിക്കു സമീപം ചല ചട്ടമ്പികൾകൂടി സാധുക്കളെ ഉപദ്രവിക്കുന്നു എന്നു് ഒരു ജനസംസാരം. I. P. ശ്രദ്ധിച്ചാൽ കൊള്ളാം.

നാവായിക്കുളം:—പള്ളിക്കൽ റോഡിൻെറ സ്ഥിതി ഇപ്പോഴത്തെ മന്ത്രിമാരെങ്കിലും ഒന്നു ശ്രദ്ധിക്കണേ: മി. പുരന്ദരൻവൈദ്യൻെറ ആയുർവേദഫാർമസി രോഗികൾക്ക് ആശ്വാസകേന്ദ്രം തന്നെ.

പാരിപ്പള്ളി:—ഷൺമുഖവിലാസം ഹോട്ടൽ & ററീഷാപ്പിൽ ശുചിയും രുചിയുമുള്ള ഭക്ഷണപദാർത്ഥങ്ങൾ എപ്പോഴും തയാർ. വക്കല റോഡിൽ ഒരു റേഷൻവ്യാപാരിക്കും വൈദ്യനും ചുക്കിൽ ആണപോലും പ്രിയം. (അബദ്ധമാണേ.)

കൂടുതൽ സമയം എരിയുന്ന
സെൽവാ മെഴുകുതിരികൾ
വാങ്ങുവിൻ.
S. S. രാജാ & Co.
ന്യൂ ബസ്സാർ, ആലപ്പുഴ.

കിഴക്കൻ ഏല:—അശോകാ ഫാർമസി, സ്ഥലവാസികൾക്ക് ഒരു അനുഗ്രഹം തന്നെ.

കടയ്ക്കാവൂർ:—റയിൽവേ സ്റ്റേഷന സമീപം ഒരു റേഷൻവ്യാപാരിയുടെ ഏമാത്തുപണിയും കിഴക്കുവശം ഒരു കുടവണ്ടിക്കാരൻ വൈദ്യൻെറ വേദാന്തംപറച്ചിലും (അടുത്തതിൽ.)

അഞ്ചുതെങ്ങ്:—മാമ്പള്ളി P. S-ലെ ഹെഡ്മാസ്റ്ററുടെ ഇമിറേഷൻ വേലകൾ അടുത്തതിൽ ചേക്കാം. നമ്മുടെ ഗംഗാധരൻതന്ന ന്യൂസ്.

ചടയമംഗലം:—ചില ഉള്ളുകള്ളികൾ അന്വേഷിച്ച് അടുത്തതിൽ.

## വിവാഹമംഗളാശംസ

നിലമേൽ പണയിൽ പുത്തൻവീട്ടിൽ ജനാബ് അബൂബേക്കർ അവർകളുടെ പുത്രൻ കുഞ്ഞു അബ്ദുൽ അസ്സീസും ആലംകോട്ടു പാലാംകോണത്തു് ചരുവിള പുത്തൻവീട്ടിൽ ജെനാബ് മഹമ്മദുമുസ്തഫാ അവർകളുടെ പുത്രി റാഫിയത്തുമ്മാളും തമ്മിൽ 125 കുംഭം 29-ാം തീയതി നടന്ന വിവാഹം സംബന്ധിച്ചും തിരുവനന്തപുരം നന്തൻകോട്ട് വിളയിൽവീട്ടിൽ ശ്രീമാൻ M ഗോപാലൻ അവർകളുടെ സഹോദരൻ അവർകളും ആററങ്ങൽ കരിപ്പൂരുവീട്ടിൽ ശ്രീമാൻ K. നാരായണൻ മുതലാളിയുടെ പുത്രി ശ്രീമതി N. കൗസല്യയും തമ്മിൽ 125 മീനം 13-ാംതീയതി വധൂഗൃഹത്തിൽവച്ചു നടന്ന കെങ്കേമമായ വിവാഹം സംബന്ധിച്ചും പുല്ലൻപാറ പകുതിയിൽ മുക്കുടിലിൽ ബംഗ്ലാവിൽ ശ്രീമാൻ P. നാരായണപിള്ളയുടെ മകൾ ശ്രീമതി B. സുഭദ്രഅമ്മയും വെംകുളത്തു് കിണററുംകര വീട്ടിൽ മി: P. ശ്രീധരൻപിള്ളയും തമ്മിൽ മീനം 13-ാംതീയതി വധൂഗൃഹത്തിൽ വച്ച് നടന്ന കെങ്കേമമായ വിവാഹം സംബന്ധിച്ചും അയച്ചുതന്ന സംഭാവന കൈപ്പററി വധുവരന്മാക്ക് വികടകേസരി സർവ്വവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

## അറിയിപ്പ്

ആററങ്ങൽ അവനവൻചേരി വിളയിൽവീട്ടിൽ ശ്രീമാൻ P. ഗംഗാധരനെ വികടകേസരിയുടെ ചടയമംഗലം, അഞ്ചൽ, ആയ്യൂർ, പെരുംകുഴി എന്നീ സ്ഥലങ്ങളിലെ ഏജൻറായി നിയമിച്ചിരിക്കുന്നു. മാന്യപത്രബന്ധുക്കൾ ആഫീസുവക ഒപ്പും മുദ്രയുമുള്ള രസീതിൻപടി വരിസംഖ്യ പരസ്യക്കൂലി മുതലായവ ഇദ്ദേഹം വശം ഏൾപ്പിക്കണമെന്ന് അപേക്ഷ.

പത്രാധിപർ.

For Quality Printing

THE MURUGAN PRESS

PAZHAVANGADI, TRIVANDRUM.

ബേബിസ്റ്റോർ,
ഉള്ളൂർ.

ഇവിടെ പലചരക്ക്, ഇരുമ്പുസാമാനങ്ങൾ, ശീമ ഉരുപ്പടികൾ, സ്റ്റേഷനറി, തേയില, മുതലായ സാധനങ്ങൾ മൊത്തമായും ചില്ലറയായും വിൽക്കപ്പെടും. കച്ചവടക്കാക്ക് പ്രത്യേകനിരക്ക്—

മാനേജർ.

## അന്നപൂർണ്ണാലയം ഹോട്ടൽ

ചിന്നക്കട, കൊല്ലം.

പ്രശസ്തമായ രീതിയിൽ നടന്നുവന്നിരുന്ന പ്രസ്തുത ഹോട്ടൽ പൂർവ്വാധികം ഭംഗിയാക്കിയിരിക്കുന്നു. യാത്രക്കാരുടേയും സ്ഥിരതാമസക്കാരുടേയും സൗകര്യത്തെ ഉദ്ദേശിച്ച് പ്രത്യേകമുറികളും കുളിപ്പുരയും തയ്യാർ ചെയ്തിരിക്കുന്നു.

മാനേജർ.

## "സിദ്ധൌഷധങ്ങൾ 3"

**സുകൃതൻ**— ഃതമൽ, ചുണങ്ങ് ഇവയ്ക്കു് 2—0—0

**മദനാമൃതം**— ധാതുപുഷ്ടിക്ക് റാത്തൽ 1-ക്കു് 10—0—0

**നീലിത്തൈലം** — ചാരണം മാററാനം, മുടി വളരുവാനം 10 oz. 3—0—0

എം. എ. ഫാർമസി,
ചിന്നക്കട
കൊല്ലം A. O. & P. O.

ഒന്നാംതരം ബീഡി, പുകയില, ബീഡി ഇല ഇവയും നല്ല സയിസിലുള്ള വടക്കൻ പുകയിലയും പലയിനം സോപ്പുകളും ഹെയർ ഓയലുകളും മിതമായ വിലയ്ക്കു ഇവിടെ വിൽക്കപ്പെടും.

കച്ചേരിക്കു സമീപം : : : : : ആററിങ്ങൽ.

പ്രൊ: കെ. രാഘവൻ.




## വിജയമോഹൻ പ്രസ്സ്

നെടുമങ്ങാട്

ഞങ്ങളുടെ മുദ്രാലയത്തിൽ ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ ഭാഷകളിലുള്ള എല്ലാത്തരം അച്ചടിവേലകളും, ബുക്ക് ബയൻറിംഗ് മുതലായവും മിതമായ ചാർജ്ജിൽ ചെയ്തുകൊടുക്കുവാൻ എപ്പോഴും തയ്യാറാണ്.

മാനേജർ.

## THE RAMAKRISHNA ELECTRIC WORKS,

Specialists in A. C. & D. C. Generator Motor Convertor, Transformer and Dynamo Repairs and Armature Windings and Dealers in Electrical Goods.

CHINNAKADA, QUILON.

SWALLOW
TRADE MARK
BRAND

BROWN WINDSOR
TROM
SOAP.

## സ്വാല്ലോബ്രാന്റ സോപ്പുകൾ

ബാർ—ടിൻ—ക്യൂബ് മുതലായവ
പല സൈസിലും കിട്ടുന്നതാണ്.

സ്വാല്ലോബ്രാൻഡ ബ്രൗൺവിൻസർ ഇതു പുതിയ കണ്ടുപിടിത്തം അനുസരിച്ച് സഹായ വിലക്ക് ലഭിക്കുന്നതിന് ആകർഷകമായ സൈസിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്.

ഇതിന്റെ പ്രത്യേകത
**ആകർഷകമായ നിറം—**
**ഹൃദ്യമായ വാസന.**

**ട്രാവൻകൂർ ഓയിൽമിൽസ്**
**ആലപ്പുഴ.**

## ഗുഗ്ഗുലാസവം

മഹോദരം, ഊരുസ്തംഭം, കാമില, പഴകിയശ്വാസരോഗം, ചുമ, നീരു്, ഭഗന്ദരം, കൃമി, കുഷ്ഠം, പ്രമേഹം, തുടങ്ങിയ രോഗങ്ങളെ നിശ്ശേഷം ശമിപ്പിച്ച് പൂർണ്ണ ആരോഗ്യം പ്രദാനം ചെയ്യുന്നതാണ്.

വിവരത്തിനു താഴെക്കാണുന്ന വിലാസത്തിൽ എഴുതുക—

**എസ്സ്. കൃഷ്ണൻനായർ**
ആയുർവ്വേദ വൈദ്യശാല, കമ്പഴ, പത്തനംതിട്ട.

## ★ വിശ്വവിലാസ് ഫാർമസി ★

**പോത്തൻകോട്.**

വിദഗ്ദ്ധമായ മേൽനോട്ടത്തിൽ, ശാസ്ത്രരീത്യാ തയാർ ചെയ്തിട്ടുള്ള എല്ലാവിധ
* ഔഷധങ്ങളും പരിമിതമായ വിലയ്ക്കു ഇവിടെ കിട്ടുന്നതാണ്. *

**N. B.** കുഞ്ഞുങ്ങൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങളേയും നിശ്ശേഷം മാററി—അവരുടെ ആരോഗ്യം സംരക്ഷിക്കുവാൻ— ഞങ്ങളുടെ "ബാലാമൃതം" ഉപയോഗിക്കുക— വില കുപ്പി 1-ക്ക് 12 ണ

പ്രൊ: വൈ. വിശ്വംഭരൻ വൈദ്യൻ.

തിരുവനന്തപുരം മുരുകൻപ്രസ്സിൽ അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ ...ൽനിന്നും പ്രസിദ്ധപ്പെടുത്തുന്നത്.